
# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038. KERALA

PHONE 8499 8234

വാല്യം 5 | 1988 ജൂൺ 24 | ലക്കം 19



ബോംബെ ഭദ്രാസന കേന്ദ്രം

## ബോംബെ ഭദ്രാസനകേന്ദ്രം: കൂദാശ നവംബറിൽ

ഷേബാലി

ബോംബെ: 1979-ൽ പരിശുദ്ധ സുന്നഹദോസ് തീരുമാനമനുസരിച്ച് വിഭജിക്കപ്പെട്ട ബാഹ്യകേരള ഭദ്രാസനത്തിലൊന്നായ ബോംബെ ഭദ്രാസനകേന്ദ്രം 1988 നവംബറിൽ കൂദാശ ചെയ്തു തുറക്കുന്നതാണ്. നിർമ്മാണം പൂർത്തിയായി വരുന്ന ഭദ്രാസനകേന്ദ്രത്തിന് ഇതിനകം 38 ലക്ഷം രൂപാ ചിലവിട്ടുകഴിഞ്ഞതായി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ അറിയിച്ചു.

നാലു നിലകളിലായി പണിതുയർത്തിയിട്ടുള്ള ഈ കേന്ദ്രത്തിൽ 1000 പേർക്ക് പങ്കെടുക്കാവുന്ന ആരാധനാലയം; ഏറ്റവും താഴെയായി നിലകൊള്ളുന്നു. താഴത്തെനിലയിൽ തന്നെയാണ് കോൺഫറൻസ് ഹാളും ക്രമീകരിച്ചിട്ടുള്ളത്. മുകളിലത്തെ നിലകളിൽ മെത്രാപ്പോലീത്തായുടെ ആസ്ഥാനം, ഓഫീസ്, സെക്രട്ടറിയേറ്റ്, വൈദികർക്കും അതിഥികൾക്കും താമസിക്കുവാനുള്ള അപ്പാർട്ട്മെൻറുകൾ എന്നിവ ക്രമീകരിച്ചിരിക്കുന്നു.

ചെമ്പൂരിൽനിന്നും 8 കിലോമീററർ അകലെ ന്യൂബോംബെയിലാണ് കേന്ദ്രം സ്ഥിതി

(ശേഷം 6-ാം പേജിൽ)



## പ: ബാവായ്ക്കു അന്തർദേശീയ ബഹുമതി

കോട്ടയം: അമേരിക്കയിലെ 'നോബിൾ കമ്പാനിയൻ ഓഫ് ദി സ്വാൻ' എന്ന എക്യുമെനിക്കൽ സംഘടന, പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായെ ആ സംഘടനയുടെ പരമോന്നത ബഹുമതിനല്കി ആദരിച്ചിരിക്കുന്നു. ''ഗ്രാൻറ് പ്രിലേററ് ഗ്രാൻറ് കോളർ'' എന്ന ഈ ബഹുമതി, ഭാരത ക്രൈസ്തവ സമൂഹത്തിന് അദ്ദേഹം നല്കിക്കൊണ്ടിരിക്കുന്ന ശ്രേഷ്ഠമായ നേതൃത്വവും ലോകസമാധാനത്തിനുവേണ്ടി നല്കിക്കൊണ്ടിരിയ്ക്കുന്ന സംഭാവനകളും പരിഗണിച്ചാണ് നല്കപ്പെട്ടിട്ടുള്ളത്.

## ഫാമിലി യൂത്ത് കോൺഫറൻസ് ന്യൂയോർക്കിൽ

ഷേബാലി

ന്യൂയോർക്ക്: അമേരിക്കൻ ഭദ്രാസനത്തിന്റെ 8-ാം ഫാമിലിയൂത്ത് കോൺഫറൻസ് ജൂലൈ 13 മുതൽ 17 വരെ തീയതികളിൽസ്റ്റേററൻ അയലൻറിലെ വാഗ്നർ കോളേജിൽ നടക്കുന്നതാണ്.

ക്രിസ്തീയ ജീവിതം- ഒരു വെല്ലുവിളി എന്നതായിരിക്കും സമ്മേളനത്തിന്റെ കുറി വാക്യം.

അമേരിക്കയിൽ നിന്നും ഭാരതത്തിൽ നിന്നുമുള്ള പ്രമുഖ സഭാ നേതാക്കൾ കോൺഫറൻസിനു നേതൃത്വം നല്കുമെന്നു കോൺഫറൻസിന്റെ കോ-ഓർഡിനേററർ കൂടിയായ ഫാ. ഡോ. സി. കെ. രാജൻ അറിയിച്ചു.

ജൂലൈ 14 വൈകിട്ട് 8, 30 നു് സമ്മേളനം ഔദ്യോഗികമായി കൊല്ലം ഇടവകയുടെ സഹായ മെത്രാപ്പോലീത്താ മാത്യൂസ് മാർ എപ്പിഫാനിയോസ് ഉദ്ഘാടനം ചെയ്യും. ഭദ്രാസന മെത്രാപ്പോലീത്താ ഡോ. തോമസ് മാർ മക്കാറിയോസ് ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും. സഭാ വൈദിക ട്രസ്റ്റി ഫാ. മത്തായി നൂറനാൽ, ഫാ. മൈക്കിൾ ഹാച്ചർ എന്നിവർ പ്രസംഗിക്കും.

ജൂലൈ 15 വെള്ളിയാഴ്ച രാവിലെ 9. 30 നു് കുറിവാക്യത്തെ ആസ്പദമാക്കിയുള്ള പ്രഥമക്ലാസ് നടക്കും. തുടർന്നു് മാതാപിതാക്കൾ, യുവജനങ്ങൾ,

(ശേഷം 6-ാം പേജിൽ)

## വചനത്തിന്റെ സുവർണ്ണം



വൈദിക ക്ഷേമനിധി സംബന്ധിച്ച് പ: ബാവാ തിരുമനസുകൊണ്ട് പുറപ്പെടുവിച്ച കല്പനയിൽനിന്നു്.

നമ്മുടെ സഭയ്ക്കു് ദൈവകൃപയാൽ ഇന്നു നേതൃത്വം കൊടുക്കുവാൻ ഒരു നല്ല സംഘം വൈദീകരുണ്ട്. ദൈവീകമായ അറിവും അനുഭവവും സംഘടനാവൈഭവവും ഉള്ളവരാണ് അവരിൽ ഭൂരിപക്ഷവും എന്നതു് അഭിമാനാർഹമാണ്. എന്നാൽ അവർക്കു വേണ്ടവിധത്തിൽ ജീവിതസംരക്ഷണം നൽകുവാൻ നമുക്കു് ഇപ്പോഴും കഴിഞ്ഞിട്ടില്ല. അവരിൽ പലർക്കും വിദ്യാഭ്യാസപരമായിട്ടുള്ള യോഗ്യത വച്ചുനോക്കിയാൽ ലഭിക്കാവുന്നതിന്റെ പകുതിപോലും ശമ്പളമായി നൽകുവാൻ നമുക്കു സാധിക്കുന്നില്ല. അതിലും ഉപരിയായി രോഗങ്ങൾ വന്നാലോ, ആകസ്മികമായി മരണം സംഭവിച്ചാലോ അവരെ കാര്യമായി താങ്ങുവാൻ സാധിക്കുന്ന ഒരു സംവിധാനവും ഇന്നില്ല. കുടുംബപരമായി വലിയ ചുററുപാടുകളില്ലാത്ത ചില വൈദീകരുടെ ദീർഘകാല രോഗവും മററു ചിലരുടെ ആകസ്മിക നിര്യാണവും മൂലം അവരുടെ കുടുംബാംഗങ്ങൾ ക്ലേശിക്കുന്നതു കാണുമ്പോൾ നമ്മുടെ ഹൃദയം വേദനിക്കുന്നുണ്ട്. പ്രിയരെ, നിങ്ങൾക്കും അപ്രകാരം വേദനയുണ്ടാകുമെന്നു് നമുക്കറിയാം. ഈ വസ്തുതകൾ വച്ചുകൊണ്ട് നമ്മുടെ സെൻറ് തോമസ് ഓർത്തഡോക്സ് വൈദീക സംഘം സമർപ്പിച്ച പദ്ധതി 1988 ഫെബ്രുവരിയിൽ കൂടിയ പ. സുന്നഹദോസ് അംഗീകരിച്ചു വൈദീകർക്കായി കേന്ദ്രതലത്തിൽ ഒരു ക്ഷേമനിധി ഉണ്ടാക്കണം എന്നു തീരുമാനിച്ചിരിക്കയാണ്. തൽക്കാലം രണ്ടുലക്ഷം രൂപ എന്നാണ് ഇതിന്റെ ലക്ഷ്യം വച്ചിരിക്കുന്നതെങ്കിലും, ഒരു പത്തുലക്ഷം രൂപയെങ്കിലും ഉണ്ടെങ്കിലേ ഈ പദ്ധതി ഫലപ്രദമാകൂ. നമ്മുടെ സെൻറ് തോമസ് വൈദീക സംഘത്തിന്റെ കേന്ദ്രക്കമ്മററിയെയാണ് ഈ പിരിവു നടത്തുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നതു്.

നമ്മുടെ പള്ളികളിൽനിന്നു് ഒരു വിഹിതവും, നമ്മുടെ വൈദീകരിൽനിന്നുള്ള സംഭാവനയും, നമ്മുടെ സഭാംഗങ്ങളിൽ നിന്നു ലഭിക്കുന്ന സംഭാവനയുമാണ് ഈ ഫണ്ടിനുവേണ്ടിയുള്ള പ്രധാന വരുമാന മാർഗ്ഗങ്ങൾ. സഭാകേന്ദ്രത്തിൽനിന്നും 5 ലക്ഷം രൂപയാണ് ഇതിലേക്കു് പ്രതീക്ഷിക്കുന്നതു്. വൈദീകർ അവരുടെ ഒരുമാസത്തെ ശമ്പളമെങ്കിലും ഇതിനു നൽകണം. പള്ളിയിൽ നിന്നു് വാർഷിക വരുമാനത്തിന്റെ ഒരു ശതമാനമെങ്കിലും ഇതിനായി ഈ വർഷം നീക്കിവയ്ക്കണം. കൂടാതെ ഉദാരമതികളായ ആളുകളിൽനിന്നുള്ള സംഭാവനയും പ്രതീക്ഷിക്കുന്നുണ്ട്. ആ പള്ളിയിൽനിന്നുള്ള വിഹിതം കഴിയുന്നതും വേഗം ഫാ. ഡോ. എം. എ. മത്തായി, സെക്രട്ടറി, സെൻറ് തോമസ് ഓർത്തഡോക്സ് വൈദീകസംഘം, ഓർത്തഡോക്സ് സെമിനാരി, കോട്ടയം-686 001 എന്ന വിലാസത്തിൽ അയച്ചുകൊടുക്കണം.

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 5 | 1988 ജൂൺ 24 | ലക്കം 19

## വലിയവരും ചെറിയവരും

മനുഷ്യസമുദായത്തിൽ പല നിലകളിലായി വലിപ്പച്ചെറുപ്പങ്ങൾ ഏറെ കാണുന്നുണ്ട്, രാജാവും പ്രജയും തമ്മിൽ എന്തൊരന്തരം! ഈ വലിപ്പത്തിനും ചെറുപ്പത്തിനും കാരണമായി പലതും ചൂണ്ടിക്കാണിക്കുവാൻ കണ്ടേക്കാം. പക്ഷേ മനുഷ്യരുടെ ഇടയിൽ ആരാണ് വലിയവൻ? ആരാണു ചെറിയവൻ?

ഭക്ഷണത്തിനിരിക്കുന്ന ശിഷ്യന്മാരുടെ ദാസനായി, ശുശ്രൂഷകനായി പ്രവർത്തിച്ച ഗുരുനാഥൻ അവരോടു പറഞ്ഞു: നിങ്ങളിൽ വലിയവനാകുവാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടേയും പാദങ്ങൾ കഴുകുവാൻ തയ്യാറാകുന്ന ദാസനായിത്തീരണം. അതാണ് വലിയവനാകാനുള്ള യോഗ്യത അപ്പോൾ ആരാണ് വലിയവരും ചെറിയവരും? വലിപ്പം ഭാവിക്കാതെ, വിനയം പൂണ്ട്, അർഹിക്കുന്നവർക്കും അർഹിക്കാത്തവർക്കും ഏറ്റു താണനിലയിലുള്ള ശുശ്രൂഷപോലും ചെയ്യാൻ തയ്യാറാകുന്നവനാണ് വലിയവൻ. ഇക്കാര്യത്തിൽ പിന്നോക്കം മാററി 'ചെറുതാകാൻ തയ്യാറാകാതെ അഹംഭാവത്താൽ വിജ്ജൃംഭിച്ചവനാണ് യഥാർത്ഥത്തിൽ ചെറിയവൻ. തൻെറ ശിഷ്യന്മാരുടെ ശുശ്രൂഷകനായി മാറുന്ന ഗുരുവാണ് വലിപ്പത്തിൻെറ വിലയും, ആത്മാവും എന്തിൽ എന്ന് ദൃഷ്ടാന്തത്താൽ വെളിപ്പെടുത്തുന്നതു്!

നമ്മുടെ സമൂഹത്തിൽ ഇന്ന് പല 'നിമിത്തങ്ങളുടേയും അടിസ്ഥാനത്തിൽ പലരെയും വലിയവരോ ചെറിയവരോ ആയി നാം ഗണിക്കാറുണ്ട്. ചിലരൊക്കെയങ്ങനെ സ്വയം ചമയാറുമുണ്ട്. തങ്ങളുടെ ഡിഗ്രിയുടെ വലിപ്പമാണ് ചിലർക്കെല്ലാം വലിമയുടെ കാരണം; വേറെ ചിലക്ക് വലിയ വീട്, വലിയ കാർ, അസാധാരണമായ ജീവിതസൗകര്യങ്ങൾ എന്നിവയൊക്കെയാകും എന്നാൽ പൊതുവെ കാണപ്പെടുന്നതു്, പണവും പ്രതാപവുമുള്ളവനെ വലിയവനായി ഗണിക്കുക എന്നതാണ്. എല്ലായിടത്തും അങ്ങനെ ആയിക്കൊള്ളണമെന്നില്ല. ജ്ഞാനത്തിലും സൃഷ്ടിപരമായ കഴിവുകളിലും മികച്ചവരെ വലിയവരായി കാണുന്നതും വിരളമല്ല.

## ധ്യാനപീഠം

ഈ വലിപ്പച്ചെറുപ്പങ്ങൾ 'വലുതാ'ക്കിക്കാണിക്കാനാണ് അധികംപേരുടെയും വെമ്പൽ. വലിയവർ തങ്ങൾ വലിയവർ തന്നെയാണെന്നു ഘോഷിപ്പാനും, ചെറിയവർ തങ്ങൾ അത്ര താണവരല്ല എന്നു ബോദ്ധ്യപ്പെടുത്താനുമാണ് തത്രപ്പെടുന്നതു്. അതിനുവേണ്ടി ത്യാഗം സഹിപ്പാനോ, വഴക്കുകൂട്ടാനോ പോലും ആളുകൾ മടിക്കാറില്ല. ഈ സ്വഭാവ വൈകൃതത്തെ വെളിവാക്കുന്നതാണ്, വിരുന്നുശാലയിൽ പ്രവേശിക്കുന്നവരെക്കുറിച്ചുള്ള യേശുക്രിസ്തുവിൻെറ പരാമർശനം.

ഒരു പൊതു സദസ്സിൽ ഒരു ചടങ്ങിൽ പങ്കെടുക്കുമ്പോൾ ക്യാമറയുടെ കണ്ണിലോ ദൂരദർശൻ സുഹൃത്തുക്കളുടെ യന്ത്രക്രമീകരണത്തിൻെറ വലയത്തിലോ സ്ഥിതിചെയ്യാനല്ലേ പലർക്കും ആഗ്രഹം? ഇരിപ്പിടത്തിൻെറ കാര്യത്തിലാണെങ്കിൽ, തങ്ങൾ വലിയവർതന്നെ എന്നു നിശ്ശബ്ദം വിളിച്ചുപറയുന്ന സ്ഥാനങ്ങളിൽ ഉപവിഷ്ടരാകാനാണ് അധികം പേർക്കും തിടുക്കം. കസേരകളായിൽ എപ്പോഴും ഒരു സീററ് കമ്മിയായിരിക്കുമല്ലോ. അതിനാൽ ഇത്തരം പൊതുവേദികളിൽ എല്ലാവർക്കും 'വലിയവരായി' ചമയാൻ പററില്ല; കുറെപ്പേർ 'ചെറിയ'വരായി തന്നെ അവശേഷിക്കും. ബസ്സിൽ ഇടിച്ചുകയറുന്നവരുടെ പരാക്രമരംഗംപോലെ.

വേറെ ചിലരുണ്ട്, ഒഴിഞ്ഞുമാറിയൊക്കെ നിലകൊള്ളും. അതു് ആത്മാർത്ഥതയിൽ നിന്നാണെങ്കിൽ ഏറെ നന്ന്. എന്നാൽ അക്കൂട്ടരെയും ആരെങ്കിലും 'കൊച്ചാക്കാൻ' ശ്രമിക്കുമ്പോൾ അവർ തിരിച്ചടിക്കാൻ എപ്പോഴും തയ്യാറാണെങ്കിൽ അവരുടെ 'ചെറുതാകൽ' വെറും നാട്യംമാത്രം.

യഥാർത്ഥ വിനയമുള്ളവൻ തൻെറ നിജസ്ഥിതി വേണ്ടവണ്ണം അറിയുന്നതിനാൽ ഇല്ലാത്തതു ഭാവിക്കാനോ, ഉള്ളതു് തന്ത്രപൂർവ്വം മറച്ചുവെയ്ക്കാനോ ശ്രമിക്കാറില്ല. തൻെറ നേട്ടങ്ങളും കോട്ടങ്ങളും വസ്തുനിഷ്ഠമായി ഗ്രഹിച്ചിരിക്കുന്നവൻ അന്യരുടെ കഴമ്പില്ലാത്ത പ്രശംസകേട്ട് വെറുതെ താൻ 'എന്തൊക്കെയോ' ആണെന്ന് സ്വപ്നംകാണാറില്ല; മറിച്ച് അകാരണമായി തന്നെ പരിഹസിക്കപ്പെട്ടാലും, അതുകൊണ്ട് താൻ ചെറുതായിപ്പോകാത്തതിനാൽ ഇളകിപ്പോകാറുമില്ല. എവിടെയും വിനയംതന്നെ നല്ലമാർഗ്ഗം.

ഒരുവൻ നിന്നെ വിരുന്നിനു ക്ഷണിച്ചാൽ 'ഒന്നാം' സ്ഥാനങ്ങളിലിരിക്കാതെ പുറകോട്ടുമാറി ഇരിക്കുക എന്നു കർത്താവിൻെറ ഉപദേശം നമ്മെയെല്ലാം എളിമയുള്ളവരാകുവാൻ പോരുന്നതാണ്. പലരും തങ്ങളുടെ കുറവുകളെയും കഴിവുകേടിനെയും തിരിച്ചറിയാത്തതിനാലാണ് ഉദ്ധതമാനസരായി കാണപ്പെടുന്നതു്. യഥാർത്ഥ ജ്ഞാനി തൻെറ അറിവില്ലായ്മയെ സമ്മതിപ്പാൻ എപ്പോഴും തയ്യാറായിരിക്കും.

**പ്രാർത്ഥന:** ഞങ്ങളെ വിനയത്തിൻെറ പാഠം പഠിപ്പിക്കുന്ന യേശുനാഥാ, നിന്നെപ്പോലെ ഞങ്ങളെ എളിമയുള്ളവരാക്കണമേ. വലിപ്പം ഭാവിക്കാതെ വിനയമാനസരായി അന്യരെ ശുശ്രൂഷിപ്പാനും അവസരങ്ങളെല്ലാം കവർന്നെടുക്കാതെ അന്യർക്ക് ആദ്യംതന്നെ അവസരങ്ങൾ നൽകാനും സന്നദ്ധതയുള്ളവരായി ഞങ്ങളെ വ്യത്യാസപ്പെടുത്തേണമേ.

**ചിന്താവിഷയം:** ലൂക്കോസ് 14:7 'ഒരുവൻ നിന്നെ കല്യാണവിരുന്നിനു ക്ഷണിച്ചാൽ മുഖ്യാസനത്തിൽ ഇരിക്കരുതു്; പക്ഷെ നിന്നിലും മാനമേറിയവനെ അവൻ വിളിച്ചിരിക്കാം'.

**ഫാ. ജേക്കബ് ചെറിയാൻ**

ചർച്ചാവേദി

# മലങ്കരഅസോസിയേഷനും മെത്രാൻ തിരഞ്ഞെടുപ്പും

**മൻവർ**

''എന്നാൽ അഹറോനെപ്പോലെ ദൈവം വിളിക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വതവേ എടുക്കുന്നില്ല.''

എബ്രായർ 5:4.

വി. പൗലോസ് എഴുതിയ ഈ വാക്യത്തിൻെറ അർത്ഥവ്യാപ്തി എത്രയോ മഹത്വമുള്ളതാണ്.

പുരാതനമായ മലങ്കര ഓർത്തഡോക്സ് സഭ ഇത്രയും അധഃപതിക്കണമോ? കഴിഞ്ഞ മലങ്കര അസോസിയേഷൻ ആരേയും ലജ്ജിപ്പിക്കുന്ന ഒന്നായിരുന്നു. ഒരു മെത്രാൻ സ്ഥാനത്തിനു വേണ്ടി 12 പേർ രംഗത്തു്. രാഷ്ട്രീയ തെരഞ്ഞെടുപ്പുപോലെ സകലതും നടന്നു.

പൗലോസ്ശ്ലീഹാ പറയുന്നതുപോലെ ''ആരും ആ സ്ഥാനം സ്വതവേ എടുക്കുന്നില്ല.'' എടുക്കുവാൻ സാധിക്കുകയില്ല എന്നു ദൈവത്തിൻെറ പരിശുദ്ധ റൂഹാ മലങ്കര അസോസിയേഷനിലൂടെ തെളിയിച്ചു. പരിശുദ്ധ റൂഹാ സഭയിൽ സദാ പ്രവർത്തിക്കുന്നുണ്ട് എന്നുള്ളതിൻെറ വലിയ ഒരു തെളിവായിരുന്നു ഇക്കഴിഞ്ഞ മലങ്കര അസോസിയേഷൻ.

'' .. പട്ടക്കാരെ ബഹുമാനിച്ചു കൊള്ളണം. പ്രവൃത്തിയിലാകട്ടെ, വചനത്തിലാകട്ടെ, ഭാവത്തിലാകട്ടെ, ഹൃദയത്തിലാകട്ടെ ഒരിക്കലും നിന്ദിക്കയോ, ആക്ഷേപിക്കയോ, നിസ്സാരമായി വിചാരിക്കയോ, അവർക്കു ചെയ്യേണ്ടുന്ന മുറ ചെയ്യാതിരിക്കയോ, അവരുമായി വഴക്കു പിടിക്കയോ, കൊടുക്കൽ വാങ്ങലിൽ അവരുമായി പലിശയ്ക്കു തർക്കിക്കുകയോ, ഏതൊരു വിധത്തിലും അവരുടെ മനോദണ്ഡം തങ്ങളുടെമേൽ വരുവാൻ തക്കവണ്ണം കാണിക്കയോ ഒരിക്കലും ചെയ്യരുതു്....

........'' പരിശുദ്ധനായ പരുമല കൊച്ചുതിരുമേനി കല്പിച്ച പരിശുദ്ധ ദിവ്യവചനം.

ഇതനുസരിച്ച് പ്രവർത്തിക്കണം എന്ന് സാധാരണ സഭാംഗങ്ങൾ ആഗ്രഹിച്ചാലും കഴിഞ്ഞ അസോസിയേഷനിൽ മത്സരിച്ച ബഹുമാനപ്പെട്ട പട്ടക്കാരുടെ പ്രവർത്തനശൈലി കണ്ടപ്പോൾ പരിശുദ്ധ പരുമല തിരുമേനിയുടെ കൽപ്പന തെററിക്കുവാൻ സഭാംഗങ്ങൾ നിർബന്ധിതരായി തീരുകയില്ലേ എന്ന് തോന്നിപ്പോയി.

ഇതിന് ഒരു അന്ത്യം വരണം. കഴിഞ്ഞ മലങ്കര അസോസിയേഷനിലെപോലെ ഏതൊരു അവിവാഹിത പട്ടക്കാരനും ഈ സ്ഥാനത്തിന് ഞാൻ 'സർവ്വഥാ യോഗ്യൻ' എന്നു ചിന്തിക്കുന്ന അഴകിയ വ്യവസ്ഥിതി മാറണം. ഒരു മെത്രാപ്പോലീത്തായേപ്പററി ചിന്തിക്കുമ്പോൾ സഭാംഗങ്ങൾക്ക് ആ വലിയ പുരോഹിതനെ പററി ചില സ്വപ്നങ്ങൾ ഉണ്ട്. എല്ലാവരും ഒരു പരുമല തിരുമേനിയോ, പുലിക്കോട്ടിൽ തിരുമേനിയോ, വട്ടശ്ശേരിൽ തിരുമേനിയോ, വലിയ ബാവായോ, വട്ടക്കുന്നേൽ ബാവായോ ഒന്നും ആയില്ല എങ്കിലും മററുള്ളവരിൽ നിന്നും വേർതിരിക്കപ്പെടുന്ന വളരെ കുറച്ചു ഗുണഗണങ്ങൾ എങ്കിലും ആ മഹാ പുരോഹിതനു് ഉണ്ടായിരിക്കേണം. കുറഞ്ഞ പക്ഷം ഒരു മെത്രാപ്പോലീത്താ ആയിരിക്കുന്ന ആൾ ജീവിതനിഷ്ഠ; നോമ്പ്; ഉപവാസം; പ്രാർത്ഥന; ലളിതജീവിതം; സുവിശേഷ പ്രചരണതല്പരത; ക്ഷമാശീലം; ശബ്ദമാധുര്യം; ആകാര സൗഷ്ഠവം തുടങ്ങിയ എല്ലാ വിഷയങ്ങളിലും തികവുള്ളയാളായിരിക്കണം.

''ഇടവകകളുടെ മേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല. ആട്ടിൻ കൂട്ടത്തിനു മാതൃകകളാക്കിത്തീർന്നു കൊണ്ടും അദ്ധ്യക്ഷത ചെയ്‌വിൻ'.

1പത്രോസ് 5:3

ഇവിടെ പത്രോസ് ശ്ലീഹാ അദ്ധ്യക്ഷന്മാർക്കുള്ള ചുമതലയെപ്പററി അവരെ ബോധവാന്മാരാക്കുന്നു.

ആദിമ സഭയിൽ വി. അന്തോനിയോസ്, വി. ബസേലിയോസ്. വി. പക്കോമിയോസ് തുടങ്ങിയ പിതാക്കൻമാരെയാണ് ദൈവത്തിൻെറ പരിശുദ്ധ റൂഹാ സഭയെ നയിക്കുവാൻ തെരഞ്ഞെടുത്തതു്.

അതിനുശേഷം ഈ നൂററാണ്ടിലുള്ള നമ്മുടെ മലങ്കര ഓർത്തഡോക്സ് സഭയിലെ പിതാക്കൻമാരെപററി ഒന്നു ചിന്തിക്കൂ. മഹാന്മാരുടെ ഒരു വലിയ നിരതന്നെ സഭയുടെ നേതൃത്വത്തിനു ചുക്കാൻ പിടിക്കുവാൻ ദൈവം അനുവദിച്ചു.


സഭയുടെ ശക്തി ഒരു പരിധിവരെ സഭയെ നയിക്കുന്ന ഇടയൻമാരെ ആശ്രയിച്ചാണ്. ജീവിത ശ്രേഷ്ഠതയുള്ള, ത്യാഗമനോഭാവമുള്ള സഭാപിതാക്കൻമാർ ഇല്ല എങ്കിൽ സഭ നശിക്കുകയല്ലാതെ വേറെ മാർഗ്ഗം ഒന്നുംതന്നെ ഇല്ല.

ശ്രേഷ്ഠൻമാരായ, സൗഭാഗ്യവാൻമാരായ പ. പിതാക്കൻമാർ നയിച്ച നമ്മുടെ സഭ ഇത്രയും അധഃപതിക്കണമോ? ഇക്കഴിഞ്ഞ മലങ്കര അസോസിയേഷൻ ഇനിയും ആവർത്തിക്കണമോ? എല്ലാവരും ഒരുപോലെ ചിന്തിക്കേണ്ട ഒരു പ്രശ്നം ആണ്. ''എനിക്കു് മെത്രാൻ ആകണം എന്നുള്ള ചിന്തയോടെ നോമിനേഷൻ കൊടുക്കുന്ന രാഷ്ട്രീയ വോട്ടു പിടുത്തം അവസാനിക്കണം. അതിനുവേണ്ടി സഭാ ഭരണഘടന മാററി എഴുതി പുതിയ നിയമങ്ങൾ വരുത്തേണ്ടിയിരിക്കുന്നു. സഭയെ നയിക്കുവാൻ യോഗ്യരായ പിതാക്കൻമാർ സഭയിൽ ഉണ്ട്. അവരെ ദൈവത്തിൻെറ പരിശുദ്ധ റൂഹാ തെരഞ്ഞെടുക്കട്ടെ അതിനു പ്രാർത്ഥനാപൂർവ്വം കാത്തിരിക്കാം. കൂടാതെ നമുക്ക് ചില കാര്യങ്ങൾ ചെയ്തു തീർക്കേണ്ടിയും ഇരിക്കുന്നു.

സ്വന്തം വോട്ടു് തേടിപ്പിടിക്കുന്ന ഇന്നത്തെ രീതി അവസാനിപ്പിച്ച് സഭാംഗങ്ങൾ യോഗ്യനായ ഒരു സ്ഥാനാർത്ഥിയെ തെരഞ്ഞെടുത്തു് സഭയ്ക്കു കൊടുക്കേണ്ടിയിരിക്കുന്നു. അതിന് യോഗ്യരായ സ്ഥാനാർത്ഥികളുടെ ഏകദേശരൂപം (കണ്ടുപിടുത്തം) സഭാകേന്ദ്രം ചെയ്യേണ്ടിയിരിക്കുന്നു. അതിന് ഏതാനും നിർദ്ദേശങ്ങൾ മുൻപോട്ടു് വയ്ക്കട്ടെ.

സഭയിലെ ഓരോ വൈദീകനെകുറിച്ചും സഭാകേന്ദ്രം അപ്പഴപ്പോൾ അറിഞ്ഞിരിക്കണം. അതിനായി സഭാകേന്ദ്രത്തിൽ ഒരു ഫയൽ സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. ഒരു വിദ്യാർത്ഥി വൈദികാഭ്യസനത്തിന് വൈദീക സിമ്മനാരിയിൽ പ്രവേശിക്കുമ്പോൾ തന്നെ ഫയൽ സംവിധാനം അതിൻെറ പ്രവർത്തനം ആരംഭിച്ചു കഴിയും. ഈ ഫയലിൽ ആ വിദ്യാർത്ഥിയുടെസ്വഭാവം, സിമ്മനാരിയിലെ പെരുമാററ രീതി, പഠനം, പ്രാർത്ഥന, നോമ്പ്... ഇതിനെപററി എല്ലാം പ്രതിപാദിച്ചിരിക്കണം. ഈ ഫയൽ കൈകാര്യം ചെയ്യേണ്ടതു് പ. എപ്പിസ്ക്കോപ്പൻ സുന്നഹദോസ് നിയമിക്കുന്ന വൈദീക സിമ്മനാരി അദ്ധ്യാപകരുടെ ഒരു പാനൽ ആയിരിക്കേണം. വൈദീക സിമ്മനാരി അദ്ധ്യാപകരെ കൂടാതെ രണ്ടുപേരെങ്കിലും പുറത്തു നിന്നും ഇതിൽ അംഗങ്ങളായിരിക്കണം. പാനൽ ചെയർമാൻ ഒരു മെത്രാപ്പോലീത്താ ആയിരിക്കണം. ഈ പാനൽ ഓരോ വർഷാവസാനവും അവരുടെ പ്രവർത്തന റിപ്പോർട്ടു് വിശകലനം ചെയ്യണം. പാനൽ

(ശേഷം 5–ാം പേജിൽ)



# വഴിയറിയാതെ

## ഇരുപത്തിയഞ്ച്

രാത്രി ഉറങ്ങി.

രാക്കിളികളും ഉറങ്ങിക്കഴിഞ്ഞു!

മിന്നാമിന്നുങ്ങുകൾ പോലും അവരുടെ കിടക്കറവിളക്കുകൾ അണച്ചു കഴിഞ്ഞിരിക്കുന്നു.

പക്ഷെ, ശാപം കിട്ടിയതെന്ന് വക്കിച്ചേട്ടൻ വിശേഷിപ്പിക്കുന്ന അതിവിശാലമായ ആ പുതിയ വീട്ടിലെ ഒരു മുറിയിലെ വിളക്ക് മാത്രം അണഞ്ഞിരുന്നില്ല. തലേ ദിവസത്തെ ഉറക്കക്ഷീണവും യാത്രാക്ലേശവും, മാനസികഞെരുക്കവും ഉണ്ടായിരുന്നിട്ടും ഡോക്ടർക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. കട്ടിലിൽ കണ്ണുതുറന്നു കിടന്ന് എന്തൊക്കെയോ ആലോചിക്കുകയായിരുന്നു അദ്ദേഹം, തന്റെ തീരുമാനത്തിൽ എന്തെങ്കിലും പോരായ്മകളോ അപാകതകളോ ഉണ്ടായിട്ടുണ്ടോ എന്ന് പുന:പരിശോധിക്കുകയായിരുന്നു, അദ്ദേഹം.

ഇനി എന്തെങ്കിലും എഴുതാനുണ്ടോ? നാളെ അതിരാവിലെ പോസ്റ്റുചെയ്യേണ്ട എഴുത്ത്; ഒന്നുകൂടി ഓടിച്ചു വായിച്ചു കളയാം.

അദ്ദേഹം എഴുന്നേററു. മേശവലിപ്പിൽ നേരത്തെ എഴുതി തയ്യാറാക്കിവച്ച കത്ത് പുറത്തെടുത്തു മെല്ലെ നിവർത്തി വായിച്ചു.

എന്റെ മോൾക്ക്,

നീ അയച്ച എഴുത്തു കിട്ടി. സാധാരണ നിന്റെ എഴുത്തിന് ഞാൻ താമസിച്ചേ മറുപടി എഴുതൂ എന്നാണല്ലോ എന്നും നിന്റെ പരാതി. എന്നാൽ ഇത്തവണ ഞാൻ ആ പതിവ് തെററിക്കുകയാണ്. ഉടനെ തന്നെ മറുപടി എഴുതുന്നു.

നമ്മുടെ പുതിയ വീട്ടിലെ ഏകാന്തതയിലിരുന്നു കൊണ്ടാണ് ഞാൻ ഈ കത്തെഴുതുന്നത്. കഴിഞ്ഞ ദിവസം ഞാൻ ജോലിയിൽ നിന്നുപിരിഞ്ഞു. ഇന്നാണ് ഇങ്ങോട്ടു താമസം മാററിയത്. കൂട്ടിന് വക്കിച്ചേട്ടൻ മാത്രം.

ഭാഗ്യവാൻ! ഒരു ഡോക്ടർക്ക് എത്തിപ്പെടാൻ കഴിയുന്നതിന്റെ പരമാവധി ഉയരത്തിൽ കയറിപ്പററാൻ കഴിഞ്ഞ ഭാഗ്യശാലി! ഓർക്കുമ്പോൾ അസൂയ തോന്നുന്നു, എന്ന് ഒരുകൂട്ടർ എന്നെ പുകഴ്ത്തുമ്പോൾ മറെറാരു കൂട്ടർ പരിഹസിക്കുന്നു.

കനത്ത സമ്പാദ്യം കാണും. കേമനായിരിക്കും! കുടുംബത്തിൽ പോയിട്ട് നാട്ടിൽ പോലും ഇവനേ ളം കേമനായി ആരും ഇല്ലായിരിക്കും. പക്ഷെ എന്നാലെന്താ? ഭാര്യക്ക് വട്ട്! ഒരേയൊരു മകൻ യൗവ്വനത്തിന്റെ ആരംഭത്തിൽ എടുക്കപ്പെട്ടു. മകൾ അന്യജാതിക്കാരന്റെ കൂടെ പൊറുക്കുന്നു! എന്തുമേന്മ? എന്തു കേമത്തം?



കോത്തല സെൻറ് സെഹിയൂൻ ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ ജേക്കബ്, കണ്ണന്താനത്ത് മാത്തുണ്ണി മാത്യൂസിന്റെയും, ശോശാമ്മയുടേയും മകനായി 1943–ൽ ജനിച്ചു. 1960–ൽ രോഗബാധയെ തുടർന്ന് വികലാംഗനായി. അതോടെ വിദ്യാഭ്യാസവും നിലച്ചു. 1971 മുതൽ കലാസാഹിത്യ പ്രവർത്തനങ്ങളിൽ വ്യാപൃതനാണ്. സ്വതന്ത്ര ചിന്തയിലൂടെയും അദ്ധ്വാനത്തിലൂടെയും അറിവിന്റെ വിശാലമായ മേഖലകൾ സ്വായത്തമാക്കിയിട്ടുള്ള ഇദ്ദേഹം ശാപശിലകൾ; ആകാശത്തിനു കീഴെ തുടങ്ങിയ നോവലുകളിലൂടെ പ്രസിദ്ധിയാർജ്ജിച്ചു കഴിഞ്ഞിട്ടുണ്ട്. കെ. എം. മാത്യൂസ്; കെ. എം. ഏലിയാസ് എന്നിവർ സഹോദരങ്ങളാണ്.

ഈ രണ്ടുകൂട്ടരുടെയും ഇടയിൽ നിന്നുകൊണ്ട്, മനുഷ്യനെയും, ജീവിതത്തെയും കുറിച്ച് പഠിക്കാൻ ശ്രമിക്കുകയാണ് ഞാൻ.

മോളെ . !

ചിലന്തിയായി പുനർജനിച്ച നെയ്ത്തുകാരന്റെ കഥ എവിടെനിന്നോ കേട്ടതു മുതൽക്ക്, ചിലന്തി വല കാണുന്നതും, ചിലന്തിവലനെയ്യുന്നത് നോക്കിനിൽക്കുന്നതും നിന്റെ ഒരു വിനോദമായിരുന്നല്ലോ. കൊച്ചുന്നാളിൽ, നമ്മുടെ മുററത്തെ പൂന്തോട്ടത്തിലെ റോസയുടെയും, ബൊഗൈൻവില്ലയുടെയും ഇലകൾക്കിടയിൽ മനോഹരമായ വല നിർമ്മിച്ച്, അതിന്റെ നടുവിൽ ചക്രവർത്തിയെപ്പോലെ വാണരുളുന്ന ചിലന്തിയെ കാണിച്ചുതരാൻ ഒരിക്കൽ നീ എന്നെ കൂട്ടിക്കൊണ്ടുപോയത് ഞാൻ ഇന്നും ഓർക്കുന്നു. പക്ഷെ നമ്മൾ നോക്കിനിൽക്കെയാണ് ശക്തമായ കാററും മഴയും വന്നത്. ചെടിയുടെ ഇലകൾ കാററത്ത് ഉലയുകയും, താമസിയാതെ ആ ചിലന്തിവല തകർക്കപ്പെടുകയും ചെയ്തു. നീ അന്ന് അതിൽ വേദനിച്ചില്ലേ? ഉവ്വ്! അപ്പോൾ നിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. ഞാൻ നിന്റെ കണ്ണുനീരൊപ്പിയെടുക്കുകയും ചെയ്തു...

ആ ചിലന്തിയും മനുഷ്യനും തമ്മിൽ എന്തു വ്യത്യാസം മോളെ? ഒന്നുമില്ല. മനുഷ്യൻ എന്തൊക്കെയോ പ്രതീക്ഷിക്കുന്നു, അതിനായി പാടുപെടുന്നു. പക്ഷെ തൊട്ടടുത്ത ക്ഷണത്തിൽ അവന്റെ എല്ലാപരിശ്രമങ്ങളും അജ്ഞാതമായ എന്തോ ഒന്നിനാൽ തകർക്കപ്പെടുന്നു!

അതെ. ഡാഡിക്കും ഈ അനുഭവം തന്നെയല്ലേ ഉണ്ടായിരിക്കുന്നത്. ഞാൻ ആഗ്രഹിച്ചതോ, ഞാൻ പ്രതീക്ഷിച്ചതോ അല്ല എനിക്കു കിട്ടിയ അനുഭവങ്ങൾ. അതോ, എന്തൊക്കെയോ നേടിയെന്ന് അഭിമാനിച്ചപ്പോൾ മററു പലതും നഷ്ടപ്പെട്ടുപോയതാണോ? മോളെ, നീയും ഡാഡിയോട് ചെയ്തത് എന്തായിരുന്നു? ഞാൻ നിന്നെ കുററപ്പെടുത്തുകയല്ല!

റിട്ടയർ ചെയ്തുകഴിഞ്ഞ് നാട്ടിൽ ഒററയ്ക്കു താമസിച്ചു മുഷിയാതെ ഡാഡി എന്റെ അടുത്തേക്കു പോരൂ എന്ന് നീ എഴുതിയിരുന്നല്ലോ. നന്ദി. നീ എഴുതിയതാണ് ശരി. അവിടെ വന്നാൽ എനിക്ക് എന്റെ മോളെ കാണാം. ഇന്നോളം ഞാൻ കണ്ടിട്ടില്ലാത്ത നിന്റെ ഭർത്താവിനെയും, എന്റെ അരുമകളായ നിന്റെ മക്കളെയും കാണാം, രോഗിയായി, മരണത്തെ മാത്രം പ്രതീക്ഷിച്ച് കഴിയുന്ന നിന്റെ മമ്മിയെ, വർഷങ്ങളോളം എന്നെ സ്നേഹിച്ച, എന്നെ ശുശ്രൂഷിച്ച, എന്റെ സുഖദുഃഖങ്ങൾ പങ്കുവച്ച എന്റെ കൂട്ടുകാരിയെ, ഈ ലോകത്തോടു യാത്ര പറയും മുമ്പെ ഒരുനോക്കു കാണാം! ആരോഗ്യമുള്ള കാലത്തോളം ജോലി ചെയ്ത് സുഖമായി അവിടെ കഴിയുകയും ചെയ്യാം! നല്ലത്.

പക്ഷെ ഞാൻ അതു ചെയ്താൽ, ഇന്നോളം ഞാൻ ചെയ്തുകൊണ്ടിരുന്നത് എന്തോ, അത് തുടരുന്നതിന് തുല്യമായിരിക്കും. ഇതുവരെ ഞാൻ സഞ്ചരിച്ച അതേ പാതയിലൂടെതന്നെ ആയിരിക്കും അപ്പോണോ?

ഇതുവരെ ഡാഡിയുടെ ജീവിതത്തിൽ സംഭവിച്ച ദുഃഖങ്ങളും പ്രയാസങ്ങളും, ഡാഡി മുറുമുറുപ്പോടെയാണ് അനുഭവിച്ചത്! ഇനിയെങ്കിലും, ഇഷ്ടപ്പെടാത്തതും പത്ഥ്യമല്ലാത്തതുമായ കാര്യങ്ങളൊക്കെ ഡാഡി സന്തോഷത്തോടെ ഒന്ന് അനുഭവിച്ചു നോക്കട്ടെ. അതൊക്കെ എങ്ങനെയിരിക്കും എന്ന് ഞാൻ ഒന്നു രുചിച്ചുനോക്കട്ടെ!

ഞാൻ റിട്ടയർ ചെയ്ത ദിവസം, എന്റെ സേവനം ആവശ്യപ്പെട്ടുകൊണ്ട് വന്ന ഒരു പുരോഹിതൻ പറയുകയുണ്ടായി, ഇനിയുള്ള എന്റെ പ്രവർത്തനങ്ങൾ പുഴുവും തുരുമ്പും കെടുക്കാത്തതും, കള്ളന്മാർ തുരന്നു മോഷ്ടിക്കാത്തതുമായ നിക്ഷേപങ്ങൾക്കുവേണ്ടി ആയിരിക്കട്ടെ എന്ന്. അന്ന് അതു കേട്ടപ്പോൾ എനിക്കു ലേശം കൗതുകമാണു തോന്നിയത്. അതോ പുച്ഛമോ?

പക്ഷെ പിന്നീട് ആലോചിച്ചപ്പോൾ അദ്ദേഹം പറഞ്ഞ

### ജേക്കബ് കണ്ണന്താനം

ഴം എന്റെ സഞ്ചാരം. ഇനിയും അതു വേണോ മോളെ? നഷ്ടപ്പെട്ടു പോകുന്നതും, നിഷ്ഫലമായിപ്പോകുന്നതുമായ എന്തൊക്കെയോ നേടാൻവേണ്ടി ഞാൻ ഇനിയും പ്രയത്നിക്കുന്നത് പരമാർത്ഥമാണെന്നു തോന്നി. ആ നിമിഷം മുതൽ എന്റെ മനസ്സ് അസ്വസ്ഥമായിരുന്നു. അന്തരംഗത്തിൽ—നിരന്തരം എന്തോ സംഘട്ടനം നട

(ശേഷം 4-ാം പേജിൽ)

കവിത

## ഭവനം

നൻമകൾ മാത്രം പൂക്കും–
    നിത്യ സൗഹൃദോദ്യാനം;
സ്വർഗ്ഗ തുല്യമായ് നിൽപൂ–
    മർത്യനിൽ-കുടുംബത്തിൽ.

സ്നേഹവും സഹനവും–
    ക്ഷമയും സമ്മേളിക്കും,
ഭവനം ദൈവീകമാം
    കൃപകൾക്കിരിപ്പിടം.

രത്നഭൂഷയെക്കാളും–
    രമ്യഹർമ്മ്യത്തെക്കാളും–
സഹനം ഗാർഹസ്ഥ്യത്തിൽ–
    സായൂജ്യം പകർന്നിടും.

പ്രാർത്ഥനാ നിരതമാം
    മനസ്സിൽ പുഷ്പിച്ചിടും–
പാരിജാതങ്ങൾ–മക്കൾ–
    നാളെതൻ വാഗ്ദാനങ്ങൾ.

വളരാൻ വെമ്പും കൊച്ചു–
    മനസ്സിൽ മാതൃത്വമേ–
പകരു പരിശുദ്ധ–
    വചനം നിരന്തരം

ആയുസ്സും, അഭിജ്ഞതമാം–
    മനസ്സും, മസ്തിഷ്കവും–
ആശ്രയിപ്പവർക്കായി–
    ട്ടീശ്വരൻ നൽകീടുന്നു.

വെള്ളനാട്ട് ഡെന്നിസൻ.

# പ്രചാർ പ്രൊജക്ടിനു് ആശീർവാദം

കഞ്ഞിക്കുഴ എം. ജി. ഡി. എം. ആശുപത്രി പ്രചാർ പ്രോജക്ടിന്റെ ഉദ്ഘാടന സമ്മേളനത്തിൽ പ: ബാവാ തിരുമനസ്സുകൊണ്ടു് നിർവ്വഹിച്ച ആശീർവാദ പ്രസംഗം.

ബഹുമാന്യരായ മന്ത്രിമാരെ, വൈദികരെ, വിശിഷ്ടാതിഥികളെ;

സമൂഹത്തിൽ പലതരത്തിൽ ദുരിതമനുഭവിക്കുന്ന അനേകർക്കു് വഴികാട്ടിയായി ഒരു മഹത്തായ സംരംഭം ഇന്നു് ഇവിടെ ആരംഭം കുറിക്കപ്പെടുകയാണു്. ഈ ആതുരശുശ്രൂഷാ കേന്ദ്രത്തിന്റെ തിളക്കമാർന്ന കിരീടത്തിൽ ഒരു രത്നംകൂടി പതിക്കപ്പെടുന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ എന്ന നിലയിൽ ഈ സ്ഥാപനത്തിന്റെ പ്രധാന ചുമതലക്കാരൻകൂടിയായ എനിക്കു് ഈ മഹത്സന്ദർഭത്തിൽ ഇവിടെ വരുവാനും, ഈ പരിപാടികളിൽ സംബന്ധിക്കുവാനും, ഇടയായതിൽ അതിയായ സന്തോഷമുണ്ടു്. ഇന്നു് ഇവിടെ ഉദ്ഘാടനം ചെയ്യപ്പെടുന്ന ''പ്രചാർ'' പദ്ധതിയുടെ വിജയത്തിനായി കാരുണ്യവാനായ ദൈവത്തോടു് പ്രാർത്ഥിക്കുന്നതിനും, ആശംസകൾ അർപ്പിക്കുന്നതിനും, സഹായ സഹകരണങ്ങൾ നല്കുന്നതിനുമാണല്ലോ നിങ്ങളെല്ലാവരും ഇവിടെ വന്നുകൂടിയിരിക്കുന്നതു്. പ്രത്യേകിച്ചു് വിശിഷ്ടാതിഥികളായി ഇവിടെ വന്നുചേർന്നിരിക്കുന്ന നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിമാരുടെയും, എം. എൽ. എ. മാരുടെയും സാന്നിദ്ധ്യം നമ്മെ വളരെയധികം സന്തോഷിപ്പിക്കുന്നു. എല്ലാവരോടും നമുക്കുള്ള സന്തോഷവും, നന്ദിയും നാം അറിയിക്കുന്നു. ഇവരുടെയൊക്കെയും പിന്തുണ ഈ സ്ഥാപനത്തിന്റെ വിജയത്തിനു് അനിവാര്യമാണു്.

ഈ സ്ഥാപനത്തെപ്പററി ചിന്തിക്കുമ്പോൾ ഇതിന്റെ സ്ഥാപകനായ വർഗീസിനെ ഒരിക്കലും വിസ്മരിക്കുവാൻ സാദ്ധ്യമല്ല. വർഗീസിന്റെ അശ്രാന്തവും, നിസ്വാർത്ഥവുമായ പരിശ്രമമാണു് ഈ സ്ഥാപനത്തെ ഈ നിലയിൽ എത്തിച്ചിട്ടുള്ളതു്. ദൈവാനുഗ്രഹമുള്ള ഒരു മനുഷ്യനായിരുന്നു അയാൾ. അയാൾക്കു് എന്നോടു് വളരെ താല്പര്യവും, സ്നേഹവുമായിരുന്നു. എനിക്കും അപ്രകാരമായിരുന്നു. ഇപ്പോഴത്തെ ഇതിന്റെ മാനേജിംഗ് ട്രസ്റ്റിയായി നിയമിക്കപ്പെട്ടിട്ടുള്ള അയാളുടെ മകൻ തമ്പാനും ഈ സ്ഥാപനത്തിന്റെ അഭ്യുന്നതിക്കുവേണ്ടി വളരെയേറെ താത്പര്യത്തോടുകൂടി പ്രവർത്തിക്കുന്നയാളാണു്. ഇവിടുത്തെ മെഡിക്കൽ സൂപ്രണ്ടു് ഡോ. ജോസഫിന്റെ കാര്യക്ഷമമായ പ്രവർത്തനവും ഈ സ്ഥാപനത്തിനു് ഒരു അനുഗ്രഹമാണു്. ഇവിടെയുള്ള എല്ലാ ഡോക്ടറന്മാരും, മററു് സ്റ്റാഫ് അംഗങ്ങളും വളരെ അച്ചടക്കത്തോടും ദൈവാശ്രയത്തോടുംകൂടി പ്രവർത്തിക്കുന്നു എന്നുള്ളതിൽ നമുക്കു് അതിയായ സന്തോഷമുണ്ടു്.

ഇവിടെ ആരംഭിച്ചിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും അതിന്റെ ലക്ഷ്യത്തിൽ എത്തിയിട്ടുണ്ടു്. എല്ലാവിധ ആധുനിക സജ്ജീകരണങ്ങളും ഉള്ള ഈ ആശുപത്രി മലങ്കര സഭയ്ക്കു് ഒരു അഭിമാനവും, നാനാജാതി മതസ്ഥരായ അനേകർക്കു് ഒരു ആശാകേന്ദ്രവുമാണു്. ഇവിടെ ഉദ്ഘാടനം ചെയ്യുന്ന ''പ്രചാർ'' പദ്ധതി വിപുലമായ ഒന്നാണു്. സമൂഹത്തിലുള്ള വികലാംഗരെ തേടിപ്പിടിച്ചു് സമൂഹതലത്തിൽതന്നെ അവരെ പുനരുദ്ധരിപ്പിക്കുക എന്നതാണു് ഇതിന്റെ ലക്ഷ്യം. വിപുലവും, ശ്രമകരവുമായ ഒരു പദ്ധതിയാണു് ഈ ആശുപത്രി ഏറെറടുത്തിരിക്കുന്നതു്. I. H. R. എന്ന ജർമ്മൻ ഏജൻസിയുമായി ചേർന്നാണു് ഇതു് പ്രവർത്തിക്കുന്നതു്. ഈ പദ്ധതി നടപ്പിലാക്കുന്നതിനു് പല സംഘടനകളും സഹകരിക്കുന്നു എന്നാണു് നാം മനസ്സിലാക്കുന്നതു്. ഈദൃശ പ്രവർത്തനങ്ങളെപ്പററിയൊക്കെയും വിശദമായി നമ്മുടെ ഡോ. ജോസഫ് നിങ്ങളെ പറഞ്ഞു മനസ്സിലാക്കും.

ഇവിടെയുള്ള എല്ലാവരും കൂട്ടായി പ്രവർത്തിച്ചാൽ ഈ പദ്ധതി സമ്പൂർണ്ണ വിജയത്തിലെത്തിച്ചേരും. അപ്രകാരം സംഭവിക്കും എന്നു് മുൻകാലചരിത്രത്തിന്റെ അനുഭവത്തിൽ ഞാൻ ഉറച്ചു് വിശ്വസിക്കുന്നു.

ഈ സ്ഥാപനത്തേയും, ഇതിൽ പ്രവർത്തിക്കുന്നവരേയും, ഇതിനോടു് അല്പമായോ, അധികമായോ സഹകരിക്കുകയും, സഹായിക്കുകയും ചെയ്യുന്ന ഏവരേയും സർവ്വശക്തനായ ദൈവം തന്റെ അദൃശ്യമായ വലതുകരം നീട്ടി അനുഗ്രഹിക്കട്ടെ, ഇന്നു് ഇവിടെ ആരംഭം കുറിക്കുന്ന ''പ്രചാർ'' പദ്ധതി അനേകർക്കു് തുണയാകട്ടെ.

പിതാവായ ദൈവത്തിന്റെ സ്നേഹവും, ഏകജാതനായ പുത്രന്റെ കൃപയും, പരിശുദ്ധ റൂഹായുടെ സംബന്ധവും, ആവാസവും ഈ സ്ഥാപനത്തോടുകൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെയും, ഈ സ്ഥാപനത്തിന്റെ കാവൽപിതാവായ മാർ ഏലിയാ ദീർഘദർശിയുടെയും, മാർ ദീവന്നാസ്യോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും, ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ.

## വഴിയറിയാതെ......

(3-ാംപേജിൽനിന്നും തുടർച്ച)

കുകയായിരുന്നു. എനിക്കു കുററബോധം തോന്നി. ഇന്നോളം ഞാൻ ചെയ്തതു് ഒന്നും ശരിയായിരുന്നില്ലെന്നു് എനിക്കു് ബോധ്യമായി. പക്ഷെ എന്തു പ്രയോജനം? കഴിഞ്ഞുപോയതിനെക്കുറിച്ചു് ഓർത്തു് ദുഃഖിച്ചിട്ടു് എന്തു ഫലം? അങ്ങനെ ദുഃഖിച്ചാലും ഒരിക്കൽക്കൂടി ജീവിക്കാൻ ആർക്കും കിട്ടുകയില്ലല്ലോ!

അതുകൊണ്ടു് ഞാൻ ഒന്നു തീരുമാനിച്ചു മോളെ. തൽക്കാലം ഞാൻ നിന്റെ അടുത്തേക്കു വരാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ മറെറാരു വഴിയേ സഞ്ചരിക്കാൻ തയ്യാറെടുക്കുകയാണു്. എന്റെ പെട്ടെന്നുള്ള ഈ തീരുമാനം നിന്നെ ദുഃഖിപ്പിക്കുമെന്നു് അറിയാം. പക്ഷേ സാരമില്ല മോളെ! ആ ദുഃഖം വെറും താൽക്കാലികം ആയിരിക്കും.

നിന്റെ കുടുംബജീവിതത്തിൽ എന്തൊക്കെയോ അപസ്വരങ്ങൾ ഉണ്ടായിരിക്കുന്നതായി നീ എഴുതിയിരുന്നല്ലോ. കുററം ആരുടേതായാലും ശരി. നീ കൂടുതൽ വിട്ടുവീഴ്യ്ക്കു തയ്യാറാകണം. ജീവിതത്തിൽ എന്തൊക്കെ പോരായ്മകൾ ഉണ്ടായാലും അതൊക്കെ നീ എന്നെന്നേക്കുമായി വിസ്മരിക്കണം! നേരത്തേതിനെക്കാൾ കുറേക്കൂടി അഗാധമായി നീ ഭർത്താവിനെ സ്നേഹിക്കണം! സ്നേഹത്തിനു മുമ്പിൽ അലിയാത്ത ഏതു് കരിങ്കല്ലാണു് മോളെ ഭൂമിയിലുള്ളതു്?

അതെ. ഞാനും സ്നേഹിക്കാൻ തുടങ്ങുകയാണു്. ഇന്നോളം ഞാൻ സ്നേഹിക്കാതിരുന്ന എന്റെ സഹോദരങ്ങളെ, എന്റെ ബന്ധുക്കളെ, എന്റെ നാടിനെ, ഇവിടുത്തെ നിസ്വരും നിരാലംബരുമായ എന്റെ സഹജീവികളെ! ഇപ്പോൾ അവർക്കു് എന്നെ ആവശ്യം വന്നിരിക്കുന്നു. ഇത്രനാളും ഞാൻ എനിക്കുവേണ്ടി ജീവിച്ചു. ഇനി ഞാൻ അവർക്കുവേണ്ടി ഒന്നു ജീവിച്ചുനോക്കട്ടെ.

ബന്ധനങ്ങളാണെങ്കിൽ പോലും, ബന്ധങ്ങൾക്കു് ഒരു പ്രത്യേകതയുണ്ടു് മോളെ! എന്തോ ഒരു വശ്യത! അതു് അനുഭവിച്ചറിയാനുള്ള അവസരമോ ഭാഗ്യമോ നിനക്കു് ഉണ്ടായിട്ടില്ലല്ലോ! അതു് അനുഭവിപ്പിക്കാതെ നിന്നെ വളർത്തിയതു് തെററിപ്പോയി എന്നു് ഡാഡി ഇപ്പോഴാണു് മനസ്സിലാക്കുന്നതു്.

മോളെ! നിനക്കും, ഭർത്താവിനും, കുഞ്ഞുങ്ങൾക്കും സുഖം തന്നെയല്ലേ? ആയിരമായിരം നാഴികകൾക്കിപ്പുറത്തു് ഇരിക്കുന്ന അജ്ഞാതനായ ഈ വൃദ്ധന്റെ സ്നേഹാന്വേഷണങ്ങൾ നീ അവരെ അറിയിക്കണം! പിന്നെ, നിന്റെ മമ്മി. എത്രയും വേഗം ദൈവം അവളുടെ വേദനകൾക്കു് ആശ്വാസം കൊടുക്കട്ടെ എന്നു് പ്രാർത്ഥിക്കുകയല്ലാതെ ഇനി നമുക്കു് എന്തു ചെയ്യാൻ കഴിയും!

തല്ക്കാലം നിർത്തട്ടെ. സമയവും സൗകര്യവും ഉള്ളപ്പോൾ മറുപടി എഴുതുക.

സ്നേഹപൂർവ്വം, നിന്റെ ഡാഡി.

എഴുത്തു് മടക്കി കവറിലാക്കി അഡ്രസ്സ് എഴുതിക്കഴിഞ്ഞു് തിരികെ മേശവലിപ്പിൽ ഇട്ടുകഴിഞ്ഞപ്പോൾ ഡോക്ടർക്കു്, ചുമലിൽ നിന്നു് ഒരു വലിയ ഭാരമിറക്കിവച്ചതു പോലെയുള്ള ആശ്വാസം തോന്നി. ദീർഘമായി ഒന്നു നിശ്വസിച്ചിട്ടു്, കസേരയിൽ ചാരി ഒരു നിമിഷം ഇരുന്നു. അപ്പോൾ, ഹൈറേഞ്ചിലെ, സെൻറു് മേരീസ് മിഷൻ ഹോസ്പററലിന്റെ ഡയറക്ടർ, ഫാദർ മൈക്കിളിനു് എഴുതേണ്ട വാചകങ്ങൾ എന്തായിരിക്കണമെന്നാണു് അദ്ദേഹം ആലോചിച്ചുകൊണ്ടിരുന്നതു്.

(അവസാനിച്ചു)

## കുഴിമററത്ത് വൃദ്ധ ഭവനം ആരംഭിക്കും

റാന്നി: ബഥനി ആശ്രമ സ്ഥാപകനായ കാലംചെയ്ത അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി വിപുലമായി കൊണ്ടാടുവാൻ തീരുമാനിച്ചിരുന്നു. ശതാബ്ദി സ്മാരകമായി കുഴിമററം ബഥനി ആശ്രമത്തോടുചേർന്നു് 1988 ആഗസ്റ്റ്മാസം 28-ാംതീയതി പ്രായമായ പുരുഷന്മാർക്കുവേണ്ടി ഒരു ഭവനം ആരംഭിക്കുന്നതാണു്. പ്രസ്തുത ഭവനത്തിൽ താമസിക്കാൻ ആഗ്രഹിക്കുന്നവർ സുപ്പീരിയർ ബഥനി ആശ്രമം; റാന്നി, പെരുനാടു്; പത്തനംതിട്ട എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണു്.

## 75-ാം ജന്മദിനാഘോഷം

വാകത്താനം: മലങ്കര ഓർത്തഡോക്സ് സഭ സണ്ടേസ്കൂൾ ഡയറക്ടർ ജനറലും വാകത്താനം സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരിയുമായ സി.വി. ജോർജ്ജ് കോർ എപ്പിസ്കോപ്പയുടെ 75-ാംജന്മദിനം 1988 ജൂൺ 19-ാം തീയതി അഘോഷിച്ചു. അന്നേദിവസം ചേർന്ന പൊതുസമ്മേളനം പരിശുദ്ധബാവ തിരുമനസ്സുകൊണ്ടു് ഉദ്ഘാടനം ചെയ്തു. കേന്ദ്രമന്ത്രി എം. എം. ജേക്കബ്ബ് അദ്ധ്യക്ഷനായിരുന്നു. ഉമ്മൻചാണ്ടി. എം. എൽ. എ, കാനം രാജേന്ദ്രൻ എം. എൽ. എ, ഡി. ബാബുപോൾ ഐ. എ. എസ്സ്, ജേക്കബ്ബ് ജോസഫ് കൊണ്ടോടി (വാകത്താനം പഞ്ചായത്തു് പ്രസിഡണ്ടു്) എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി.

75-ാം ജന്മദിന സ്മരണക്കായി പണികഴിപ്പിക്കുന്ന ആശുപത്രി കെട്ടിടത്തിന്റെ ശിലാസ്ഥാപനം പരിശുദ്ധ ബാവാ തിരുമനസുകൊണ്ടു നിർവ്വഹിച്ചു. സി. വി. ജോർജ്ജ് കോർ എപ്പിസ്കോപ്പായുടെ ജീവചരിത്ര സ്മരണിക പൊതുസമ്മേളനത്തിൽ വെച്ചു് മലയാള മനോരമ ചീഫ് എഡിററർ കെ. എം. മാത്യു പ്രകാശനം ചെയ്തു. പ്രൊഫ. സി. എ. തോമസ്സ് മംഗളപത്ര സമർപ്പണം നടത്തി.

## ലൈബ്രറി ഉദ്ഘാടനം ചെയ്തു

കറുകച്ചാൽ: പനയമ്പാല സെൻറ് മേരീസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ക്രിസ്തീയ ലൈബ്രറിയുടെ ഉദ്ഘാടനം ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് നിർവഹിച്ചു. യുവജനങ്ങൾ സഭാസേവന രംഗത്തേക്കു് കൂടുതലായി മുമ്പോട്ടു് വരണമെന്നു് തിരുമനസ്സുകൊണ്ടു് ഉദ്ബോധിപ്പിച്ചു. ലൈബ്രറിക്കുവേണ്ടി മുമ്പോട്ടുവന്ന പ്രസ്ഥാനം പ്രവർത്തകരെ തിരുമനസ്സുകൊണ്ടു് അഭിനന്ദിച്ചു.

## അമൃതബിന്ദുക്കൾ!



### എഴുപത്തിഒന്നു്

നീതിമാന്നു ലഭിക്കുന്നു
ശാന്തിയെന്ന മഹാഫലം

### എഴുപത്തിരണ്ടു്

നീതിമാൻ തന്റെ കൂടാരം
തഴച്ചീടുന്നു മേല്ക്കുമേൽ

### എഴുപത്തിമൂന്നു്

ദുഷ്ടൻതന്നുടെ വീടാട്ടെ
മുടിയുന്നങ്ങടിക്കടി

ശ്രീപാദം ഈശ്വരൻ നമ്പൂതിരി

# ക്രിസ്തുസഭ യഹൂദസഭയുടെ പിൻതുടർച്ചയാകുന്നു

## യേശുക്രിസ്തുവും യഹൂദസഭയും

1. ലോകാരംഭം മുതൽതന്നെസഭയുണ്ടായിരുന്നുവെന്നും, അതു് യേശുക്രിസ്തുവിനെ ലാക്കാക്കി പ്രയാണം ചെയ്തുകൊണ്ടിരുന്നുവെന്നും, ക്രിസ്തുവിൽ അതു സമ്പൂർണ്ണമായി എന്നും മുൻ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. എന്നാൽ കർത്താവു് യഹൂദനായിരുന്നു. യഹൂദ കുടുംബത്തിൽ ജനിച്ചു; യഹൂദനായി വളർന്നു; യഹൂദ പാരമ്പര്യങ്ങളും ചട്ടങ്ങളും പഠിക്കുകയും, യഹൂദ മര്യാദപ്രകാരം ജീവിതം നയിക്കുകയും ചെയ്തു. യെരുശലേം ദേവാലയവും, സുന്നഗോഗുകളും തൻെറ ആരാധനയുടെ പ്രധാന കേന്ദ്രങ്ങളായിരുന്നു. ചെറുപ്പം മുതൽ പെരുനാളുകളിൽ സംബന്ധിക്കുവാൻ യെരുശലേമിലേയ്ക്കു കർത്താവു പോകുക പതിവാക്കി. യഹൂദന്മാരുടെ പ്രമാണപ്പെട്ട വേദഗ്രന്ഥമായ പഴയനിയമം ഹൃദിസ്ഥമായിരുന്നതു കൂടാതെ, ന്യായപ്രമാണവും പ്രവാചകന്മാരും (പ്രവചനഗ്രന്ഥങ്ങളും) അലംഘനീയമായി കരുതുകയും ചെയ്തു. മത്തായി(5:17-18) ''ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിനുവന്നു എന്നു നിരൂപിക്കരുതു്. നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നതു്. സത്യമായിട്ടു് ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്നു ഒരു വള്ളിയെങ്കിലും, പുള്ളിയെങ്കിലും ഒരുനാളും ഒഴിഞ്ഞുപോകുകയില്ല.'' (ലൂക്കോ 16:17)''ഈ ഏററവും ചെറിയ കല്പനകളിൽ ഒന്നു അഴിക്കുകയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏററവും ചെറിയവൻ എന്നു വിളിക്കപ്പെടും. അവയെ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും.'' (മത്തായി 5:19) ഇതാകുന്നു ന്യായപ്രമാണവും ക്രിസ്തുസഭയും തമ്മിലുള്ള ബന്ധമെന്നു കർത്താവു പഠിപ്പിച്ചതു്.

2. യഹൂദമത ഗ്രന്ഥങ്ങളിൽ അനേകം ഉദ്ധരണികൾ കർത്താവിൻെറ ഉപദേശങ്ങളിൽ ഉടനീളം കാണുന്നുണ്ടു്. എന്നാൽ യഹൂദന്മാർ സാധാരണയായി അവയെ മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തിരുന്നതുപോലെയല്ല കർത്താവു് അവയെ മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തതു്. കർത്താവു അവയെ അവയുടെ യാഥാർത്ഥ ആത്മീയ നിലപാടിൽ കാണുകയും, ആ രീതിയിൽ തൻെറ ജീവിതത്തിൽ അവയെ കൊണ്ടുവരികയും, തൻെറ അനുഗാമികളുടെ ജീവിതത്തിൽ അവ അപ്രകാരം പ്രായോഗികമാകുന്നതിനു് ആഗ്രഹിക്കുകയും പഠിപ്പിക്കുകയും ചെയ്തു. ''നിങ്ങളുടെ നീതി ശാസ്ത്രിമാരുടേയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.'' (മത്തായി 5:20) ഉദാഹരണമായി, കൊല ചെയ്യരുതെന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്കു് യോഗ്യനാകുമെന്നും പൂർവ്വന്മാരോടു അരുളിച്ചെയ്തിട്ടുണ്ടു്. (പുറപ്പാടു 20:13) എന്നാൽ കർത്താവു് ഈ കല്പനയ്ക്കു കൊടുക്കുന്ന വ്യാപ്തി യഹൂദ പരിധിയെ അതിലംഘിച്ചതും മനുഷ്യൻെറ അന്തരിന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നതുമാണു്. ''ഞാനോ നിങ്ങളോടു പറയുന്നതു്, സഹോദരനോടു കോപിക്കുന്നവനെല്ലാം ന്യായവിധിക്കു് യോഗ്യനാകും.'' (മത്തായി 5:21-26) അതുപോലെതന്നെയാണു വ്യഭിചാരം ചെയ്യരുതെന്നുള്ള കല്പനയെപ്പററിയും (പുറപ്പാടു 20:14); ഭാര്യയെ ഉപേക്ഷിക്കുന്നതിനെപ്പററിയും (ആവർത്തനം 24:1); കള്ളസത്യം ചെയ്യുന്നതിനെപ്പററിയും, കണ്ണിനു പകരം കണ്ണു്; പല്ലിനു പകരം പല്ലു്, (പുറപ്പാടു് 21:24, ലേവ്യ 24:20, ആവർത്തനം 19.21); അയൽക്കാരനെ സ്നേഹിക്കുക'' (ലേവ്യ 19:18) എന്നിവയെപ്പററിയും മററുമുള്ള കർത്താവിൻെറ നിർദ്ദേശം (മത്തായി 5:27-48) കാണുക.

## ക്രിസ്തുസഭ പുതിയ ഇസ്രയേൽ

ചുരുക്കത്തിൽ പറഞ്ഞാൽ പുതിയനിയമം (ക്രിസ്തുസഭ) പഴയനിയമത്തിൻെറ ശരിയായ പൂർത്തീകരണമാണു്. കെട്ടിലും മട്ടിലും പഴയതുതന്നെ. എന്നാൽ ആത്മാവിലും നിർവചനത്തിലും അതിനെ അതിജീവിക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്നു. ഈ അർത്ഥത്തിലാകുന്നു ക്രിസ്തുസഭയെ പുതിയ ഇസ്രായേലെന്നു സംബോധന ചെയ്യുന്നതു്. ഇസ്രായേൽ തിരഞ്ഞെടുക്കപ്പെട്ട ജാതിയായിരുന്നു. എന്നാൽ യഹോവയുടെ ഇഷ്ടം അവർ അനുവർത്തിക്കാതിരുന്നതിനാൽ അവരിൽനിന്നുതന്നെ ഒരു പുതിയ ജാതിയെ കർത്താവു തിരഞ്ഞെടുത്തു. ഇടുങ്ങിയ ജാതിചിന്താഗതികൾക്കു വിധേയമാകാതെ, സകലജാതികളേയും ഉൾക്കൊള്ളുന്ന ഒരു മഹാജാതിയായി അതിനെ രൂപാന്തരപ്പെടുത്തി. 'കൊമ്പുകളിൽ ചിലതു ഒടിച്ചിട്ടു കാട്ടൊലിവായ നിന്നെ (ജാതികൾ) അവയുടെ ഇടയിൽ ഒട്ടിച്ചുചേർത്തു, ഒലിവുമരത്തിൻെറ ഫലപ്രദമായ വേരിനു നീ പങ്കാളിയായിത്തീർന്നു.' (റോമ 11:17) 'സൽസ്വഭാവത്താൽ കാട്ടുമരമായതിൽനിന്നു നിന്നെ മുറിച്ചെടുത്തു സ്വഭാവത്തിനു വിരോധമായി നല്ല ഒലിവുമരത്തിൽ ഒട്ടിച്ചു (റോമ 11:14)

## പഴയതെങ്കിലും പുതിയതുതന്നെ

ക്രിസ്തുസഭയെ, പുതിയ വീഞ്ഞിനോടു സാമ്യപ്പെടുത്താം.' പുതുവീഞ്ഞു് പഴയ തുരുത്തിയിൽ പകരാറില്ല. പകർന്നാൽ തുരുത്തി പൊളിഞ്ഞു വീഞ്ഞു ഒഴുകിപ്പോകും: തുരുത്തിയും നശിച്ചുപോകും. പുതുവീഞ്ഞു പുതിയ തുരുത്തിയിലേ പകർന്നുവെയ്ക്കാറുള്ളു.' (മത്തായി 9:17). യഹൂദസഭ നിഴലെങ്കിൽ, ക്രിസ്തുസഭ പൊരുളാകുന്നു. പുതിയ വീഞ്ഞാകുന്ന ക്രിസ്തുസഭയുടെ ഉപദേശ വ്യാപ്തിയും, അന്തരാർത്ഥവും പഴയവീഞ്ഞാകുന്ന യഹൂദസഭയുടേതിൽനിന്നും, വളരെദൂരം പുരോഗമിച്ചതാണു്. അതിനാൽ പുതിയനിയമത്തെ, പഴയനിയമത്തിൻെറ പരിധിയിൽമാത്രം ബന്ധിച്ചു നിർത്തുവാൻ ശ്രമിയ്ക്കുന്നതു സാഹസമണു്. ഇക്കാര്യം കർത്താവു വളരെ നന്മയത്വത്തോടെ പ്രസ്താവിയ്ക്കുന്നുണ്ടു്. 'കോടി തുണിക്കണ്ടം ആരും പഴയ വസ്ത്രത്തിൽ ചേർത്തു തുന്നമാറില്ല. തുന്നിച്ചേർത്താൽ (വസ്ത്രം വെള്ളത്തിലിട്ടു നനയ്ക്കുമ്പോൾ അതു ചുരുങ്ങി) വസ്ത്രം കീറും; ചീന്തൽ ഏററവും വലുതായിത്തീരും' (മത്തായി 9:16)

## യഹൂദൻെറ മശിഹാ

ക്രിസ്തുസഭ യഹൂദസഭയുടെ പിന്തുടർച്ചയാണെങ്കിലും, യഹൂദന്മാരും ക്രിസ്ത്യാനികളും തമ്മിൽ ധാരണാക്കുഴപ്പമുണ്ടു്. അതു പ്രധാനമായി യേശുക്രിസ്തുവിൻെറ ആളത്വത്തിലും വ്യക്തിത്വത്തിലുമാകുന്നു. പഴയനിയമത്തിൻെറ യഥാർത്ഥലാക്കു് മശിഹായാണെന്നും, ആ മശിഹാ, നസറേത്തിലെ യേശുവാകുന്നുവെന്നുമുള്ളതു യഹൂദന്മാർ ഗ്രഹിച്ചില്ല. യരുശലേം ആരാധനയാണു് സർവ്വവും എന്നുള്ള മിഥ്യാബോധമാണു് അവരിൽ അനേകരെ വഴി തെററിച്ചതു്. മശിഹായെപ്പററിയുള്ള പ്രവചനങ്ങളും പ്രസ്താവനകളും പഴയനിയമത്തിൽ ഉടനീളം കാണാമെങ്കിലും ആ മശിഹായെ സംബന്ധിച്ചുള്ള അവരുടെ ധാരണ അവയ്ക്കനുസൃതമായിരുന്നില്ല. കർത്താവിൻെറ കാലത്തു ജീവിച്ചിരുന്ന യഹൂദന്മാർ തെററിദ്ധരിച്ചിരുന്നതു് റോമനാധിപത്യത്തിൽനിന്നും അവരെ രക്ഷിക്കുന്നതിനു് അവരെ നയിക്കുവാൻ ദാവീദിൻെറ വംശത്തിൽ പിറക്കുന്ന ഒരു മഹാരാജാവു്, ഒരു സേനാനി, ആകുന്നു മശിഹാ എന്നാണു്. തന്നിമിത്തം ബേതലഹിമിലെ പുൽക്കൂട്ടിൽ ജനിച്ചു് കീറത്തുണികൾ ചുററികിടക്കുന്ന ഒരു ശിശുവിനേയോ, നസറേത്തിലെ എളിയ കുടുംബത്തിൽ ജീവിച്ച തച്ചബാലനേയോ, യോർദ്ദാൻ കടൽക്കരയിലും, ഗലീലപ്രദേശത്തും ഉപദേശിച്ചുകൊണ്ടു നടന്ന ഒരു സർവ്വസംഗ പരിത്യാഗിയേയോ, പരീശന്മാർക്കും സാദൂക്യർക്കും കഷ്ടം വിളിക്കുകയും യഹൂദപാരമ്പര്യങ്ങളെ ചോദ്യം ചെയ്യുകയും, കല്ലു കല്ലിന്മേൽ ശേഷിക്കാതെ യരുശലേം ദേവാലയം ഇടിച്ചുകളയുമെന്നും, മൂന്നു ദിവസം കൊണ്ടു് അതിനെ പണിയുമെന്നും പ്രവചിച്ച ഒരു യഹൂദ വിദ്വേഷിയേയൊ, നിസ്സഹായനായി ഗോഗുൽത്തായിൽ ഒരു കള്ളനെപ്പോലെ തൂക്കപ്പെട്ടവനേയോ, മശിഹായായി പരിഗണിയ്ക്കുവാൻ അവർക്കു പ്രയാസമായിരുന്നു. എന്നാൽ യഹൂദമത ഗ്രന്ഥങ്ങൾ പരിശോധിച്ചിട്ടു് അതിൻെറ വെളിച്ചത്തിൽ നസറേത്തിലെ ഈ തച്ചനെപ്പററി ശാന്തമായി പരിചിന്തനം ചെയ്തിരുന്നെങ്കിൽ യഹൂദസഭയ്ക്കു് ഈ തകർച്ച ഉണ്ടാകുമായിരുന്നില്ല.

യഹൂദമത ഗ്രന്ഥമാകുന്ന പഴയനിയമം മശിഹായെപ്പററിയും തൻെറ രാജ്യത്തെപ്പററിയും എന്തു പറയുന്നു? അവ നസ്രേത്തിലെ യേശുവിൽ എങ്ങനെ നിറവേറിയിരിക്കുന്നു?

(1) മശിഹായെപ്പററിയുള്ള യഹൂദന്മാരുടെ പ്രത്യാശയ്ക്കു് (messianic hope of the Jews) വിവിധ ഘട്ടങ്ങളുണ്ടു്.

a) ഇസ്രായേലിൻെറ ആത്മീയപ്രകാരമുള്ള കുലീനത്വവും രാജത്വവും (spiritual superiority and sovereignity of Israel) നിമിത്തം സകല ജാതികളും ഇസ്രായേലിൽകൂടി യഹോവയെ അന്വേഷിക്കും. ''അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം, പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും, കുന്നുകൾക്കുമീതെ ഉന്നതവുമായിരിക്കും. സകല ജാതികളും അതിലേയ്ക്കു് ഒഴുകിച്ചെല്ലും. അനേക വംശങ്ങളും ചേർന്നു വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു്, യാക്കോബിൻ ദൈവത്തിൻെറ ആലയത്തിലേക്കു് കയറിച്ചെല്ലാം; അവൻ നമുക്കു തൻെറ വഴികളെ ഉപദേശിച്ചു തരികയും നാം അവൻെറ പാതകളിൽ നടക്കുകയും ചെയ്യാം എന്നു പറയും. സീയോനിൽനിന്നു് ഉപദേശവും, യരുശലേമിൽനിന്നു് യഹോവയുടെ വചനവും പുറപ്പെടും.'' (ഏശയ്യാ 2:2-4) (ഏശയ്യാ 19:23-25, 25:6-8, മീഖാ 4:1-3, സ്ക്കറിയാ 8:23; മലാഖി 1:11, എന്നിവയും കാണുക)

b) ഇസ്രായേലിൻെറ ഈ ഔന്നത്യത്തെ പ്രയോഗിവേിപ്പിക്കുന്നതിനുള്ള ദിവ്യഉപകരണം ദാവീദ്വംശത്തിൽനിന്നുള്ള ഒരു രാജാവായിരിക്കും, അവൻ അഭിഷേകം ചെയ്യപ്പെട്ടവൻ, അഥവാ 'മശിഹാ'(ക്രിസ്തു) ആകുന്നു. (സങ്കീ 2:6 ഏശായ 61:1) അവനും ദൈവവുമായുള്ള ഉററബന്ധംനിമിത്തം അവൻ 'ദൈവത്തിൻെറ ദാസൻ, (ഏശാ: 42:1); 'ദൈവപുത്രൻ' (സങ്കീ. 2:7);'അമ്മാനുവേൽ' (ദൈവം നമ്മോടുകൂടെ) (ഏശായ 7:14) 'വീരനാം ദൈവം' 'നിത്യപിതാവ്'' ഏശായ 9:6) എന്നിങ്ങനെ വിളിക്കപ്പെടും.

c) മശിഹായുടെ കാലത്തു് ഒരു പുതിയതും നിത്യവുമായ ഉടമ്പടി ദൈവം മനുഷ്യനുമായി ഉണ്ടാക്കും (യിരമ്യ 32:36-40, യെസ്ക്കിയേൽ 16:60)

d) ഈ പുതിയ ഉടമ്പടിയോടുകൂടി സകല ജഡത്തിന്മേലും ആത്മാവു പകരപ്പെടും! അതിൻെറ ശേഷമോ, ഞാൻ സകല ജഡത്തിന്മേലും എൻെറ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൗവ്വനക്കാർ ദർശനങ്ങളെ ദർശിയ്ക്കും; ദാസന്മാരുടേയും ദാസിമാരുടെമേലും കൂടെ ഞാൻ ആ നാളുകളിൽ എൻെറ ആത്മാവിനെ പകരും' യോവേൽ 2:28-29; (എസക്കിയേൽ:11:19, 36:24 മുതൽ 37:14; 39:29; ഏശാ 32:15; 44:3; 59:21; സക്കറി: 12:10 എന്നിവയും കാണുക.)

e) ഈ ആത്മധാരയുടെ പ്രധാനകേന്ദ്രം മശിഹാതന്നെയായിരിയ്ക്കും, 'എന്നാൽ യിശായിയുടെ കുററിയിൽനിന്നും ഒരു മുളപൊട്ടിപുറപ്പെടും; അവൻെറ വേരുകളിൽനിന്നുള്ള ഒരു കൊമ്പു് ഫലം കായിയ്ക്കും; അവൻെറമേൽ യഹോവയുടെ ആത്മാവു്; ജ്ഞാനത്തിൻെറയും വിവേകത്തിൻെറയും ആത്മാവു്; ആലോചനയുടേയും ബലത്തിൻെറയും ആത്മാവു; പരിജ്ഞാനത്തിൻെറയും യഹോവ ഭക്തിയുടെയും ആത്മാവു്തന്നെ. യേശാ 11:1-2. (61:1;42:1 ഇവയും കാണുക)

മുകളിൽ കണ്ടതായ യഹൂദന്മാരുടെ മശിഹായെപ്പററിയുള്ള പ്രത്യാശയുടെ വിവിധ ഘടകങ്ങൾ ക്രിസ്തുവിലും താൻ സ്ഥാപിച്ച സഭയിലും നിറവേറികാണുന്നുണ്ടു്. അങ്ങിനെയില്ലെങ്കിൽ യഹൂദന്മാരുടെ ഈ പ്രത്യാശ ഇതഃപര്യന്തം നിറവേറാതെ സ്ഥിതിചെയ്യുന്നതായി വന്നുകൂടുന്നു.

(തുടരും)

(2-ാംപേജിൽനിന്നും തുടർച്ച)

## മലങ്കര അസോസ്സി....

അംഗങ്ങൾ വർഷം തോറും മാറിക്കൊണ്ടിരിക്കണം. പാനൽ അംഗങ്ങളുടെ പേരു വിവരങ്ങൾ വളരെ രഹസ്യമായി സൂക്ഷിക്കേണ്ടതാണു്. ഈ ഫയൽ സിമ്മനാരിയിൽ സൂക്ഷിക്കുക വൈദീകാഭ്യസനം കഴിയുന്നതോടെ ഈ ഫയൽ വിവാഹിതർക്കും, അവിവാഹിതർക്കുമായി പ്രത്യേകം പ്രത്യേകമാക്കുകയും അതതു് ഭദ്രാസന കേന്ദ്രങ്ങളിൽ അതു് വീണ്ടും പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക.

ഭദ്രാസന മെത്രാപ്പോലീത്താ ചെയർമാനും, സഹായ

(ശേഷം 6-ാം പേജിൽ)

## മലങ്കര അസ്സോസിയേഷനും മെത്രാൻ തെരഞ്ഞെടുപ്പും

(5–ാം പേജിൽ നിന്നു തുടർച്ച)

മെത്രാപ്പോലീത്താ ഉണ്ട് എങ്കിൽ വൈസ് ചെയർമാനും ആയുള്ള ഒരു പാനൽ ആണ് ഈ ഫയൽ കൈകാര്യം ചെയ്യേണ്ടതു്. ഈ ഫയലിൽ വൈദികൻെറ സ്വഭാവം, വി. കുർബാന അർപ്പണം, ജനങ്ങളോടുള്ള സമീപനം, പ്രാർത്ഥനാ ജീവിതം, നോമ്പ് ഉപവാസം, സന്യാസ ജീവതം, സുവിശേഷ പ്രവർത്തനം തുടങ്ങി എല്ലാ കാര്യങ്ങളും പ്രതിപാദിച്ചിരിക്കണം.

പാനൽ അംഗങ്ങൾ പരസ്പരം അറിയാതിരിക്കുന്നതു് നല്ലതു്. ഇവർ ഓരോരുത്തരും ഓരോ സ്വതന്ത്ര റിപ്പോർട്ട് ആയിരിക്കണം സമർപ്പിക്കേണ്ടതു്. ഈ പാനൽ മൂന്നുവർഷം കൂടിയിരിക്കുമ്പോൾ പുനഃസംഘടിപ്പിക്കണം പുതുക്കിയ പുനഃസംഘടനയിൽ പഴയ അംഗങ്ങൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കണം. ഈ പാനലിനെ പ. കാതോലിക്കാ ബാവാ നേരിട്ട് നിയമിച്ച് കല്പന നൽകണം.

ഭദ്രാസന മെത്രാപ്പോലീത്താക്കു് എന്തെങ്കിലും സ്ഥാപിത താൽപര്യം ഉണ്ട് എന്നു പരാതി ഉണ്ടാകാതിരിക്കുവാൻ വേറൊരു ഫയൽക്കൂടി തുറന്നു് പ്രവർത്തിക്കുക.

ഈ ഫയൽ കൈകാര്യം ചെയ്യേണ്ടതു്, പ. കാതോലിക്കാ ബാവാ രക്ഷാധികാരിയായുള്ള ഒരു സബ് കമ്മററി ആയിരിക്കണം. പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ആയിരിക്കണം കമ്മററി അംഗങ്ങളെ നിശ്ചയിക്കുക. സബ് കമ്മററിയും മൂന്നു വർഷം കൂടിയിരിക്കുമ്പോൾ പുനഃസംഘടിപ്പിക്കണം. കമ്മററി അംഗങ്ങളുടെ പേരു വിവരങ്ങൾ അതിരഹസ്യമായി സൂക്ഷിക്കണം.

ഭദ്രാസന പാനലിൻെറയും, സബ് കമ്മററിയുടെയും കാലാവധി കഴിയുമ്പോൾ മൂന്നു വർഷത്തെ പ്രവർത്തന ഫയൽ സുന്നഹദോസ് ഓഫീസിൽ സമർപ്പിക്കണം. ഭദ്രാസന പാനൽ ഫയലിൻെറ ഒരു കോപ്പി ഭദ്രാസന ആസ്ഥാനത്തു് സൂക്ഷിച്ചിരിക്കണം.

മലങ്കര അസോസിയേഷന് മലങ്കര മെത്രാപ്പോലീത്താ നോട്ടീസ് നൽകുന്നതിനു മുൻപ്, സഭയിൽ മെത്രാപ്പോലീത്താമാരെ തെരഞ്ഞെടുക്കണം എന്നു് തീരുമാനം ഉണ്ടായിക്കഴിഞ്ഞാൻ ഉടൻതന്നെ പ. സുന്നഹദോസ് മെത്രാപ്പോലീത്താമാരുടെ ഒരു ജഡ്ജ്മെൻറ് പാനൽ ഉണ്ടാക്കണം. രണ്ട് സീനിയർ മെത്രാപ്പോലീത്താമാർ ഉൾപ്പടെ അഞ്ച് മെത്രാപ്പോലീത്താമാരും മൂന്നു വൈദികരും ഈ പാനലിൽഅംഗങ്ങളായിരിക്കുന്നതു് നല്ലതു്. ഓരോ ഭദ്രാസന ആസ്ഥാനത്തും ജഡ്ജ്മെൻറ് പാനൽ വളരെ രഹസ്യമായി യോഗം ചേർന്നു് ഭദ്രാസന പാനൽ റിപ്പോർട്ട് പരിശോധിച്ച് ഏററവും യോഗ്യരായ 5 പേരെ തെരഞ്ഞെടുക്കാം. ഓരോ ഭദ്രാസന ആസ്ഥാനത്തും ഈ ജഡ്ജ്മെൻറ് പാനൽ ചേർന്നു് തെരഞ്ഞെടുപ്പുകൾ നടത്തി യോഗ്യരായവരെ കണ്ടെത്തുക. സബ് കമ്മററി ഫയലുമായി ഇതു് പരിശോധിക്കുക. അതിൽനിന്നും എത്ര പേരെയാണ് മെത്രാപ്പോലീത്തായാക്കുവാൻ ഉദ്ദേശിക്കുന്നതു്. അതിൻെറ ഇരട്ടിപേരെ തെരഞ്ഞെടുക്കുക. ഈ പേരുകൾ പ. സുന്നഹദോസിൽ സമർപ്പിച്ച് അനുമതി തേടിയിട്ട് ഇവർക്കു് ഓരോരുത്തർക്കും ഓരോ കോഡു് നെയിമുകൾ നൽകി അസോസിയേഷൻ അംഗങ്ങളെ അറിയിക്കുക. അതിൽ ഇവരുടെ ലഘു ജീവചരിത്രം, പ്രവർത്തന ശൈലി, സന്യാസ ജീവിതം, പ്രാർത്ഥനാ ജീവിതം, സുവിശേഷ പ്രവർത്തനം സ്വഭാവ ശ്രേഷ്ഠത തുടങ്ങി എല്ലാ കാര്യങ്ങളും സൂചിപ്പിച്ചിരിക്കണം. ഇതിൽ സ്ഥാനാർത്ഥിയുടെ പേരോ, ഫോട്ടോയോ പതിക്കരുതു്. അസോസിയേഷൻ യോഗത്തിൽ ബാലററ് പേപ്പറിൽ കോഡുകൾ മാത്രമേ കാണാവൂ ആ കോഡുകളിൽ അസോസിയേഷൻ അംഗങ്ങൾ വോട്ടു രേഖപ്പെടുത്തുന്നു. ഇതു് പിന്നീട് എണ്ണി തിട്ടപ്പെടുത്തി ആരൊക്കെയാണ് തെരഞ്ഞെടുക്കപ്പെട്ടവർ എന്നു് മലങ്കര മെത്രാപ്പോലീത്താ പ്രഖ്യാപിക്കുന്നു. ഇതു വഴിയായി തോററവർ ആരാണെന്നു പോലും അറിയാതിരിക്കുവാൻ കഴിയും, തെരഞ്ഞെടുത്തവരെ മലങ്കര മെത്രാപ്പോലീത്താ അസോസിയേഷൻ അംഗങ്ങൾക്കു് പരിചയപ്പെടുത്തി കൊടുക്കണം.

ഇങ്ങനെ വന്നാൽ മെത്രാൻ തെരഞ്ഞെടുപ്പിലെ രാഷ്ട്രീയ സ്ഥിതി, ഒരു പരിധിവരെ അവസാനിപ്പിക്കാം. കോഡുകളും, പേരുകളും മററും കാതോലിക്കേററ് ഓഫീസിൽ വളരെ രഹസ്യമായി സൂക്ഷിക്കേണ്ടതാണ്.

നമ്മുടെ ഇന്ത്യാരാജ്യം മുഴവനും സുവിശേഷം പ്രചരിപ്പിക്കുവാൻ കഴിയണം. അതിനു് സമർപ്പണബോധം ഉള്ള ഇടയൻമാർ ഉണ്ടാകേണ്ടിയിരിക്കുന്നു.

അതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം... സഭയുടെ ശാന്തിക്കായി..... സമാധാനത്തിനായി.... ഐക്യത്തിനുവേണ്ടി.. സുവിശേഷ പ്രവർത്തനത്തിനുവേണ്ടി നല്ല ഇടയന്മാരെ ലഭ്യമാക്കുവാൻവേണ്ടി നമ്മുടെ ദൈവത്തോട് പ്രാർത്ഥിക്കാം.

'നീ അവനോട് പ്രാർത്ഥിക്കും, അവൻ നിൻെറ പ്രാർത്ഥന കേൾക്കും നീ നിൻെറ നേർച്ചകളെ കഴിക്കും. ഇയ്യോബ് 22:27.

## 'ബസ്സേലിയോസ് ഇക്കണോമിക് സീരീസ്'' പ: ബാവാ ഉദ്ഘാടനംചെയ്തു

(സ്റ്റാഫ് ലേഖകൻ)



'ബസേലിയോസ് ഇക്കണോമിക്ക് സീരീസ്'' ഫാ: ററി. ജെ. ജോഷ്വായ്ക്കു് ആദ്യപ്രതി നല്കിക്കൊണ്ട് പ: ബാവാ പ്രകാശനം ചെയ്യുന്നു.

കോട്ടയം: ബസേലിയോസ് കോളജിലെ ധനതത്വശാസ്ത്ര വിഭാഗം അദ്ധ്യാപകരുടെ ആഭിമുഖ്യത്തിൽ ബസേലിയോസ് ഇക്കണോമിക്സ് സീരീസ് എന്ന ഗവേഷണ പ്രസിദ്ധീകരണ പരമ്പര ആരംഭിച്ചിരിക്കുന്നു.

പ്രൊഫ: ഫാ: കെ. വി. പൗലൂസ്; പ്രൊഫ: സി. ഐ. ഇട്ടൂപ്പ്, പ്രൊഫ: പി. സി. ഏലിയാസ്; പ്രൊഫ: മാത്യു കുര്യൻ എന്നിവർ ചേർന്നു രചിച്ച പ്രസ്തുത പരമ്പരയിലെ പ്രഥമ ഗ്രന്ഥമായ 'പ്രാഥമിക ധനശാസ്ത്രതത്വങ്ങൾ' പ: കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് പ്രകാശനം ചെയ്തു. ആദ്യപ്രതി ഫാ; ററി. ജെ. ജോഷ്വാ ഏററുവാങ്ങി. ഈ പരമ്പരയിലെ അടുത്ത ഗ്രന്ഥമായ' 'സാമ്പത്തിക വ്യവസ്ഥകളുടെ താരതമ്യപഠനം' ആഗസ്റ്റിൽ പ്രസിദ്ധീകരിക്കും.

അദ്ധ്യാപകരുടെ ഈ പുതിയ സംരംഭം വിദ്യാർത്ഥികൾക്കും, സമൂഹത്തിനും വളരെ പ്രയോജനംചെയ്യുവാൻ പര്യാപ്തമാണെന്നു' പ: ബാവാ പ്രത്യാശ പ്രകടിപ്പിച്ചു.

ഫാ: ററി. ജെ. ജോഷ്വാ എം. ഡി. ഹൈസ്കൂൾ ഹെഡ് മാസ്റ്റർ കെ. സി. ചാക്കോ എന്നിവർ പ്രസംഗിച്ചു.

പ്രൊഫ: പി. സി. ഏലിയാസ് സ്വാഗതവും, പി. ജെ ഫിലിപ്പ് കൃതജ്ഞതയും പറഞ്ഞു.

## ഫാമിലി യൂത്ത്

(1–ാം പേജിൽനിന്നും തുടർച്ച)

വിദ്യാർത്ഥികൾ, എന്നിവർ അവരുടെ തലങ്ങളിൽ കൂട്ടായ ചർച്ചകൾ നടത്തും.

ഉച്ചകഴിഞ്ഞു് 2.30 നു് രണ്ടാമത്തെക്ലാസ് നടക്കും. തുടർന്നു് ചർച്ച, സംഗീതമത്സരം എന്നിവ നടക്കും.

ജൂലൈ 16 ശനിയാഴ്ച രാവിലെ 6. 30 നു് വി. കുർബാന ഉണ്ടായിരിക്കും. 9. 15 നു് മൂന്നാമത്തെ ക്ലാസ്സ്, ചർച്ച എന്നിവ നടക്കും. 1. 45 നു് ക്രിസ്തീയ ജീവിതം– മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ഒരു വെല്ലുവിളി സെമിനാർ നടക്കും. റവ. ഡോ കെ. സി. മാത്യു, ഫാ. മത്തായി നൂറനാൽ, ഫാ. മൈക്കിൾ ഹാച്ചർ, ഡോ തോമസ് ജോൺ, അലക്സ് രാജൻ, രജു കുന്നേൽ എന്നിവർ സെമിനാറിനു് നേതൃത്വംനല്കും.

3. 30 നു് കായിക മത്സരങ്ങൾ നടക്കും. വൈകിട്ട് 8.30 നു് മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ ധ്യാനം നയിക്കും. തുടർന്നു് പങ്കെടുക്കുന്ന കുടുംബങ്ങൾ വി. കുമ്പസാരം നടത്തും.

ജൂലൈ 17 ഞയറാഴ്ച സ്റ്റാറൻ അയലൻസ് സെൻറ് ജോർജ് പള്ളിയിൽ 9. 30 നു് വി. കുർബാന നടക്കും. 11. 30 നു് പൊതു സമ്മേളനത്തോടെ കോൺഫറൻസ് സമാപിക്കും.

ഡോ തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ, മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ, കുര്യൻ തോട്ടപുറം കോർ എപ്പിസ്കോപ്പാ, ഫാ. മത്തായി നൂറനാൽ, ഫാ. മൈക്കിൾ ഹാച്ചർ, ഡോ. തോമസ് ജോൺ എന്നിവർ കോൺഫറൻസിനു് നേതൃത്വം നൽകും.

കോൺഫറൻസിൻെറ വിപുലമായ നടത്തിപ്പിനുവേണ്ടി ഭദ്രാസന സെക്രട്ടറി ഫാ. ടി. എ. തോമസ്, റവ. ഡോ. കെ. സി. മാത്യൂസ്, ഫാ. ജേക്കബ് ഫിലിപ്പ്, ഭദ്രാസന ട്രസ്റ്റി രാജു എം. വർഗീസ്, എം. ജി. ജോൺ, വർഗീസ് തോമസ്, ഫിലിപ്പ്'' ടി. ഫിലിപ്പ്, സക്കറിയാ ഉമ്മൻ, പി. പി. ഏബ്രഹാം, കോര. കെ. കോര, എം. എം. ജോർജ്, എം. എം. തോമസ്, ഷാജി തോമസ്, ഷാജി ജോയി, എബ്രഹാം മലയിൽ, ബിജു എബ്രഹാം മിസ് ഷീനു തോമസ് എന്നിവരുൾപ്പെടുന്ന ഒരു കമ്മററി പ്രവർത്തിച്ചു വരുന്നു.

## ബോംബെ ഭദ്രാസന കേന്ദ്രം......

(1 ാം പേജിൽനിന്നു തുടർച്ച)

തിചെയ്യുന്നതു്. ബഹറിൻ, ദോഹാ, സൗദി അറേബ്യ, മഹാരാഷ്ട്രാ, ഗോവാ, ഗുജറാത്തു് എന്നിവിടങ്ങളിലായി 45 ഇടവകകളാണ് ബോംബെ ഭദ്രാസനത്തിൽ ഇപ്പോഴുള്ളതു്. 24 വൈദികർ ബോംബെ ഭദ്രാസനത്തിൽ സേവനം അനുഷ്ഠിച്ചു വരുന്നു. ഫാ. എം. ററി. ഈശോ ഇപ്പോൾ ഭദ്രാസന സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചു വരുന്നു.

ഭദ്രാസന കേന്ദ്രത്തോടു ചേർന്നു് 7 ഏക്കർ സ്ഥലത്തു് വിപുലമായ രീതിയിൽ പ്രവർത്തിച്ചുവരുന്ന സെൻറ് മേരീസ് സ്കൂൾ ഭദ്രാസനത്തിൻെറ മറെറാരു പ്രവർത്തന മണ്ഡലമാണ്. വൊക്കേഷണൽ എഡ്യൂക്കേഷൻ & ട്രെയിനിംഗ് പ്രോഗ്രാം അനുസരിച്ച് തൊഴിൽ പരിശീലനം കൂടി ഉൾപ്പെടുത്തിയിട്ടുള്ള ഹൈസ്കൂൾ വിദ്യാഭ്യാസമാണ് ഇവിടെ നിലവിലുള്ളതു്. 2 നിലകളിലായി 32 ക്ലാസുമുറികളും അഡ്മിനിസ്ട്രേററീവ് ബ്ലോക്കുമുള്ള ഇവിടെ 650 കുട്ടികളാണ് ഇപ്പോൾ പഠനം നടത്തി വരുന്നതു്. 1989–ൽ 8–ാം ക്ലാസ്സുമുതൽ തൊഴിൽ പരിശീലന സൗകര്യം ഏർപ്പെടുത്തുന്നതാണ്.

ഫാ. തോമസ് വർഗീസ് പ്രിൻസിപ്പലായ സെൻറ് മേരീസ് സ്കൂളിൽ 22 പേർ അദ്ധ്യാപക, അദ്ധ്യാപകേതര വിഭാഗങ്ങളിൽ പ്രവർത്തിച്ചു വരുന്നു.

ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് ആണ് സ്കൂളിൻെറ പ്രസിഡൻറ്.

## എഡ്മൺടണിൽ പുതിയ ദേവാലയം കൂദാശ ചെയ്തു

അമേരിക്ക: കാനഡായിലെ എഡ്മൺടണിൽ മലങ്കര ഓർത്തഡോക്സ് സഭ 25 ലക്ഷം രൂപാ മുടക്കി വാങ്ങിയ പുതിയ ദേവാലയത്തിൻെറ കൂദാശ ഭദ്രാസന മെത്രാപ്പോലീത്താ തോമസ് മാർ മക്കാറിയോസ് കൂദാശ ചെയ്തു.

കൂദാശാനന്തരം ചേർന്ന പൊതു സമ്മേളനത്തിൽമാർ മക്കാറിയോസ് അദ്ധ്യക്ഷത വഹിച്ചു. റഷ്യൻ ഓർത്തഡോക്സ് സഭയുടെ ആർച്ചുബിഷപ്പ് നിക്കളോയ്, എം. ഇ. ഇട്ടക്കിള കോർ എപ്പിസ്കോപ്പാ; ഫാ: ഏ. കെ. ചെറിയാൻ തുടങ്ങിയവർ പ്രസംഗിച്ചു.

വികാരി ഫാ: ജോർജ്ജ് ജോൺ സ്വാഗതവും, കെ. ജി. ജോൺ നന്ദിയും പറഞ്ഞു.

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam-686 038